VOLUME TWO

ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാന മൂലകങ്ങൾ

WITNESS LEE &
WATCHMAN NEE

വാല്യം രണ്ട്

ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാന മൂലകങ്ങൾ

വിറ്റ്നസ് ലീ & വാച്മാൻ നീ

വില്പനയ്ക്കല്ല
സൗജന്യവിതരണത്തിന് മാത്രം

Living Stream Ministry
Anaheim, California • www.lsm.org

© 2010 Living Stream Ministry

All rights reserved. No part of this work may be reproduced or transmitted in any form or by any means-graphic, electronic, or mechanical, including photocopying, recording, or information storage and retrieval systems-without written permission from the publisher.

Original Title:
VOLUME -II
BASIC ELEMENTS OF THE CHRISTIAN LIFE
© 2003 Living Stream Ministry

KRISTEEYA JEEVITHATINTE
ADISTHANA MOOLAKANGAL
(Malayalam)
By
WITNESS LEE and WATCHAMAN NEE

ISBN: 978-0-7363-4467-8

Translated in India by
Amana Literature [Pvt] Ltd.
Gurgaon, Haryana, India
Email : office@amanaliterature.in
www.amanaliterature.in

Published by
Living Stream Ministry
2431 W. La Palma Ave., Anaheim, CA 92801 U.S.A
P.O. Box 2121, Anaheim, CA 92814 U.S.A

ഉള്ളടക്കം

തലക്കെട്ട്		പേജ്
	ആമുഖം	4
1	കർത്താവിനോടുകൂടെ അല്പസമയം	5
2	കർത്താവിനെ സ്പർശിക്കുവാനുള്ള ലളിതമായ ഒരു മാർഗ്ഗം.	12
3	ആഴം ആഴത്തിനായി വിളിക്കുന്നു	19
	കർത്താവിന്റെ രണ്ട് ദാസന്മാരെക്കുറിച്ച്	28

ആമുഖം

ഈ പുസ്തകത്തിൽ മൂന്ന് അദ്ധ്യായങ്ങൾ അടങ്ങിയിട്ടുണ്ട്; അവ ക്രിസ്തീയ ജീവിതത്തിലെ ചില അടിസ്ഥാന മൂലകങ്ങൾ അവതരിപ്പിക്കുന്നു.

ഈ വിഷയം മുമ്പ് മൂന്ന് വ്യത്യസ്ത ചെറുപുസ്തകങ്ങളായി പ്രസിദ്ധീകരിച്ചിട്ടുണ്ട്: കർത്താവിനോടുകൂടെ അല്പസമയം എന്നതും, കർത്താവിനെ സ്പർശിക്കുവാനുള്ള ലളിതമായ ഒരു മാർഗ്ഗം (വിറ്റ്നസ് ലീ), ആഴം ആഴത്തിനായി വിളിക്കുന്നു എന്നതും (വാച്മാൻ നീ).

അദ്ധ്യായം ഒന്ന്

കർത്താവിനോടുകൂടെ അല്പസമയം

"ഇവിടെയുള്ളവരിൽ ഓരോ ദിവസവും മുപ്പതു മിനിറ്റ് പ്രാർത്ഥിക്കുന്നവർ തങ്ങളുടെ കൈകളെ ഉയർത്തുക", എന്ന് പ്രാർത്ഥനയെക്കുറിച്ചുള്ള തന്റെ പുസ്തകത്തിൽ, ശുശ്രൂഷകന്മാരുടെ ഒരു സമ്മേളനത്തിൽ വച്ച് സഭാദ്ധ്യക്ഷൻ ഉന്നയിച്ച ഒരു ചോദ്യത്തെപ്പറ്റി ആൻഡ്രൂ മുറേ പറയുന്നു: ആ സഭയിൽ ഒരു കൈ മാത്രമേ ഉയർത്തപ്പെട്ടുള്ളൂ! ദിവസവും പതിനഞ്ചു മിനിറ്റ് പ്രാർത്ഥിക്കുന്ന എല്ലാവരും കൈകൾ ഉയർത്തുവാൻ സഭാദ്ധ്യക്ഷൻ അപേക്ഷിച്ചു. പകുതി കൈകൾ മാത്രമേ ഉയർന്നുവന്നുള്ളൂ. ദിവസവും അഞ്ചുമിനിട്ട് പ്രാർത്ഥിക്കുന്നവർ കൈകൾ ഉയർത്തുവാൻ പറഞ്ഞപ്പോൾ ശേഷിച്ച കൈകൾ ഉയർത്തപ്പെട്ടു. ഇന്ന് നമ്മുടെ ഇടയിലും സാഹചര്യം ഇതു തന്നെയല്ലേ? നാം നമ്മോടുതന്നെ ഈ ചോദ്യം ചോദിക്കണം: "ദിവസവും എത്രസമയം ഞാൻ കർത്താവിനോടുകൂടെ ചെലവഴിക്കുന്നു?" ഇന്ന് ക്രിസ്ത്യാനികളുടെ ഇടയിലുള്ള ഏറ്റവും വലിയ ആവശ്യം കർത്താവിന്റെ സന്നിധിയിൽ വായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ട് ഓരോ ദിവസവും ഒരു നിശ്ചിത സമയം ചെലവഴിക്കണം എന്നതാണ്.

ഭൗതിക മണ്ഡലത്തിൽ ഭൗതിക ഭക്ഷണം ഭുജിച്ചുകൊണ്ട് ഭൗതിക പോഷണം പ്രാപിക്കുവാൻ നമുക്ക് സമയം ചെലവഴിക്കേണ്ടതായുണ്ട്. ആത്മീയ ഭക്ഷണം ഭുജിച്ച് ആത്മീയ പോഷണം പ്രാപിക്കുവാൻ നാം ഏത്രയോ അധിക സമയം ചെലവഴിക്കേണ്ടതായുണ്ട്. ഇപ്പോഴുള്ള സാഹചര്യം അനുസരിച്ച്, മിക്ക ക്രിസ്ത്യാനികൾക്കും എങ്ങനെ പഠിക്കുകയും മനപ്പാഠമാക്കുകയും അറിവിനുവേണ്ടി തിരുവെഴുത്തുകൾ പരിശോധിക്കുകയും ചെയ്യണം എന്ന് അറിയാം; എന്നാൽ കർത്താവിനെ ആസ്വദിക്കുവാനും ആത്മീയ പോഷണം പ്രാപിക്കുവാനും ദൈവവചനത്തിലേക്ക് എങ്ങനെ വരണം എന്ന് വളരെ ചുരുക്കം പേർക്കേ അറിവുള്ളൂ.

ദൈവം ഉള്ളിൽ ജീവിക്കുന്നവരായ ജനം എന്ന നിലയിൽ, ദൈവത്തെ ആസ്വദിക്കുവാനും അവനെ ഭക്ഷിക്കുവാനും ആത്മീയ പോഷണം പ്രാപിക്കുവാനും ദൈവവചനത്തിലേക്കു വരുവാൻ ഓരോദിവസവും കുറച്ചു സമയം നാം വേർതിരിക്കണം. കർത്താവുമായി ബന്ധപ്പെടുവാനും അവനാൽ ബലപ്പെടുവാനുമായി ഓരോ ദിവസവും കർത്താവിനോടുകൂടെ കുറഞ്ഞപക്ഷം മുപ്പുതു മിനിറ്റെങ്കിലും നാം ചെലവഴിക്കണം എന്ന് മറ്റുള്ളവരുടെ അനുഭവങ്ങ

ളിൽനിന്നും സാക്ഷ്യങ്ങളിൽനിന്നും വ്യക്തമാണ്. ഈ സമയത്ത് നാം *വായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം;* ഇത് പത്തു മിനിറ്റിനുള്ളിൽ വേണ്ടവണ്ണം ചെയ്യുവാൻ കഴിയുകയില്ല. ശരിയായി വായിക്കുവാനും പ്രാർത്ഥിക്കുവാനും അരമണിക്കൂർപോലും തീരെ കുറവാണ്, എന്നാൽ വചനം വായിച്ചുകൊണ്ട് പ്രാർത്ഥിക്കുവാൻ കർത്താവിനോടുകൂടെ അരമണിക്കൂർ ചെലവഴിക്കുവാൻ തീർച്ച യായും നമുക്ക് കഴിയും; പ്രഭാതമാണ് ഇതിന് ഏറ്റവും നല്ല സമയം.

ഈ മുപ്പതു മിനിറ്റ് സമയത്ത് അറിവ്, ദൂത്, നീക്കം, അഥവാ വേല, എന്നിവ നാം മറക്കണം. ഇതെല്ലാം മറക്കുകയും കർത്താ വിന്റെ സന്നിധിയിൽ ശരിയായും വേണ്ടവണ്ണവും സമയം ചെലവ ഴിക്കുവാൻ നാം പൂർണ്ണ ശ്രദ്ധ നല്കുകയും വേണം. ദൈവത്തിന്റെ പുത്രന്മാർ എന്ന നിലയിൽ എല്ലാ ക്രിസ്ത്യാനികളെയും നടത്തേണ്ട തായ പ്രഥമവും പ്രധാനവുമായ ദൈനംദിന അനുഭവമാണിത്. കർത്താവിന്റെ സന്നിധിയിൽ മുപ്പുതുമിനിറ്റിൽ കുറച്ചു ചെലവഴി ക്കുന്ന ഒരു ക്രിസ്ത്യാനിക്കും വേണ്ടവണ്ണം ആത്മീയനോ ആരോ ഗ്യവാനോ ആയിരിക്കുവാൻ കഴിയുകയില്ല. ഇത് സ്ഥിരീകരിക്കപ്പെട്ട ഒരു തത്ത്വമാണ്. ദിവസവും ഭക്ഷിക്കാതെ ഒരുവന് ആരോഗ്യവാ നായിരിക്കുവാൻ കഴിയുമോ?

ഒരു കാലഘട്ടത്തോളം നാം ഇത് ചെയ്താൽ, കർത്താവ് നമ്മിൽ വലിയ ഒരു മാറ്റം വരുത്തും. ക്രിസ്തുവിനെ സംബന്ധിച്ച നമ്മുടെ അനുഭവത്തിന് ആഴം വർദ്ധിക്കുകയും, ഒടുവിൽ മറ്റുള്ളവരിലുള്ള നമ്മുടെ സ്വാധീനം പ്രബലമാകുകയും ചെയ്യും. നമ്മുടെ ഇടയി ലുള്ള എല്ലാ സാഹചര്യത്തിനും സമൂലം മാറ്റം വരും; അത് ഉപദേ ശത്താലും പഠനത്താലും പ്രബോധനത്താലും അല്ല, കർത്താവു മായി ബന്ധപ്പെടുന്നതിനാലാണ്.

നമ്മുടെ ആത്മീയ വളർച്ചയ്ക്കുവേണ്ടി കർത്താവിനോടുകൂടെ ഈ സമയം ചെലവഴിക്കുവാൻ നാം വിലകൊടുക്കണം. പ്രഭാതങ്ങ ളിൽ ഏറെനേരം നമ്മുടെ കിടക്കയിൽ ഉറക്കം തൂങ്ങിക്കൊണ്ട് നാം കിടക്കരുത്. നാം നമ്മുടെ കിടക്കയെ സ്നേഹിച്ചാൽ, നമുക്ക് ഒരി ക്കലും കർത്താവിനെ സ്നേഹിക്കുവാൻ കഴിയില്ലെന്ന് വാച്മാൻ നീ ഒരിക്കൽ ഞങ്ങളോട് പറഞ്ഞു. കർത്താവിനെ തിരഞ്ഞെടുക്കു കയോ, നമ്മുടെ കിടക്കയെ തിരഞ്ഞെടുക്കുകയോ ചെയ്യുന്നതിനിട യിൽ ഒരു യഥാർത്ഥ പോരാട്ടം ഉണ്ട്.

കർത്താവിന്റെ കരുണയാലും കൃപയാലും, കർത്താവിന്റെ സന്നി ധിയിൽ കൂടുതൽ സമയം ചെലവഴിക്കുവാൻ ആഗ്രഹിക്കുകയും സമ്മതിക്കുകയും ചെയ്യുന്നുവെങ്കിൽ, നാം എന്തു ചെയ്യണം? പോഷ ണത്തിനും ആസ്വാദനത്തിനും നമുക്ക് ഏത് ഉപാധിയിലൂടെ ദൈവ വചനത്തെ സ്പർശിക്കുവാൻ കഴിയും? ഒരു കാര്യം മാത്രം ചെയ്യു വാൻ നാം പഠിക്കണം–നമ്മുടെ വായനയോടു നാം നമ്മുടെ പ്രാർത്ഥന ഇഴുകിച്ചേർക്കണം. നമ്മുടെ വേദപുസ്തകവായന പ്രാർത്ഥനയോടും, നമ്മുടെ പ്രാർത്ഥന വായനയോടും, ഇഴുകി ച്ചേർത്തുകൊണ്ട് നാം കർത്താവുമായി ബന്ധപ്പെടണം. ഇതു മൂല മാണ് *വായിച്ചുകൊണ്ട് പ്രാർത്ഥിക്കുക* എന്ന ഒരു പുതിയ പ്രയോഗം

ഉപയോഗിച്ചിരിക്കുന്നത്. നാം വചനം വായിച്ചുകൊണ്ട് പ്രാർത്ഥിക്കണം

ഒന്നാമത്, ഒരു ലഘുവായ പ്രാർത്ഥന കർത്താവിന് സ്വതേ അർപ്പിച്ചുകൊണ്ട് ആരംഭിക്കുക; പിന്നീട് നിങ്ങളുടെ വേദപുസ്തകം തുറന്ന് വായന ആരംഭിക്കുക. വായിച്ചുകൊണ്ടിരിക്കുമ്പോൾ, നിങ്ങൾ വായിക്കുന്നതുതന്നെ കർത്താവിനോട് പ്രതിവാക്യമായി പറയുക. പ്രാർത്ഥിക്കുന്നതിനുമുമ്പ് നീണ്ട ഒരു ഖണ്ഡിക അഥവാ നീണ്ട ഒരു ഭാഗം എന്നിങ്ങനെ വളരെയധികം വാക്യങ്ങൾ വായിക്കരുത്. നിങ്ങൾ വായിച്ചുകൊണ്ടിരിക്കുമ്പോൾ, പ്രാർത്ഥിച്ചുകൊണ്ട് കർത്താവിനോട് പ്രതികരിക്കുക.

ദീർഘ വാചകമുള്ള പ്രാർത്ഥനകൾ പ്രാർത്ഥിക്കുവാൻ ശ്രമിക്കരുത്. കർത്താവു നിങ്ങൾക്കുവേണ്ടി എന്തെങ്കിലും ചെയ്യുവാൻ അപേക്ഷിച്ചുകൊണ്ട് അനേകം കാര്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കരുത്. *നിങ്ങൾ വായിക്കുന്ന വാക്കുകൾകൊണ്ടുതന്നെ പ്രാർത്ഥിക്കുക.* വിലയേറിയ പ്രാർത്ഥന, കർത്താവുമായി ബന്ധപ്പെടാവുന്ന പ്രാർത്ഥന, നിങ്ങൾ വചനം വായിക്കുമ്പോൾ, നിങ്ങളുടെ ഉള്ളിൽ പ്രതികരിക്കുന്നതായ കാര്യം ഉച്ചരിക്കുകയോ പറയുകയോ ചെയ്യുന്നതാണ്.

ദിവസവും ഈ മുപ്പതുമിനിറ്റ്, അനേകകാര്യങ്ങൾ ചെയ്യുവാൻ അപേക്ഷിച്ചുകൊണ്ടല്ല, അവനുമായുള്ള ബന്ധത്തിൽ ആയിരിക്കുകയും അവനെ ആസ്വദിക്കുകയും ചെയ്തുകൊണ്ട്, നാം ചെലവഴിച്ചാൽ മാത്രം മതി. അവനെ ആസ്വദിക്കുന്തോറും അവൻ പ്രസാദിക്കും. അതും ഇതും ചെയ്യുവാൻ, നാം അവനോട് അപേക്ഷിച്ചാൽ, "ഭോഷനായ കുട്ടീ, ആ കാര്യങ്ങളെല്ലാം ചെയ്യുവാൻ നീ എന്നോട് അപേക്ഷിക്കുന്നത് ആവശ്യമില്ലാത്തതാണ്. അത് ഞാൻ നോക്കിക്കോളാം; നീ എന്നെ ആസ്വദിച്ചാൽ മാത്രം മതി," എന്ന് അവൻ പറയും.

പുതിയ നിയമത്തിൽ ദൈവവചനത്തെക്കുറിച്ച് കർത്താവായ യേശു ആത്മീയ ഭക്ഷണം എന്നു പറയുന്നു. "അവൻ ഉത്തരമായി പറഞ്ഞത്, മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽനിന്നുവരുന്ന ഓരോ വചനംകൊണ്ടും ജീവിക്കുന്നു"(മത്താ. 4:4). ദൈവത്തിന്റെ വായിൽനിന്നുവരുന്ന ഓരോ വചനവും നമ്മെ പോഷിപ്പിക്കുന്ന ആത്മീയ ഭക്ഷണമാണ്. ദൈവവചനം ഭക്ഷിച്ചവരെക്കുറിച്ച് കുറഞ്ഞപക്ഷം മൂന്നു സംഭവങ്ങൾ വേദപുസ്തകം വെളിപ്പെടുത്തുന്നു: ഒന്ന് യിരെമ്യാവ് ആണ്; "നിന്റെ വചനങ്ങൾ ഞാൻ കണ്ടെത്തി *ഭക്ഷിച്ചിരിക്കുന്നു*"(യിരെ.15:16) എന്ന് അവൻ പറഞ്ഞു. ഈ പ്രസ്താവന നമ്മുടെ മാനുഷിക ധാരണപ്രകാരം ഉള്ളതല്ല. അത് വേദപുസ്തകത്തിൽ എഴുതപ്പെട്ടിരുന്നില്ലെങ്കിൽ, ദൈവവചനം ഭക്ഷിക്കണമെന്ന് ഒരിക്കലും നാം ചിന്തിക്കുകയില്ലായിരുന്നു. വചനത്തെക്കുറിച്ച് മനസ്സിലാക്കുകയും, വചനം പഠിക്കുകയും വേണമെന്ന് നാം പറഞ്ഞേക്കാം. എന്നാൽ *ഭക്ഷിക്കുക* എന്ന വാക്ക് നാം ഒരിക്കലും ഉപയോഗിക്കുകയില്ല! യിരെമ്യാവ് *ദൈവവചനം ഭക്ഷിച്ചു. ഇതിന്റെ അർത്ഥം, വചനം അവനിലേക്ക് അവൻ സ്വീകരിക്കു*

കയും, അത് സ്വാംശീകരിക്കുകയും അത് അവന്റെ ഭാഗം ആക്കു കയും ചെയ്തു എന്നാണ്.

ഇതേ വാക്യത്തിൽ യിരെമ്യാവ് ഇങ്ങനെ പറഞ്ഞു. "നിന്റെ വചനങ്ങൾ എനിക്കു സന്തോഷവും ഹൃദയത്തിന് ആനന്ദവും ആയി". ഒരു വിധത്തിലുള്ള ആസ്വാദനമാണ് ഇത്. വചനം ഭക്ഷി ച്ചതിനുശേഷം, അത് ആനന്ദവും സന്തോഷവും ആയിത്തീർന്നു. ആനന്ദം അകമേ അനുഭവപ്പെടുന്നു; സന്തോഷം പുറമെ പ്രകടിപ്പി ക്കപ്പെടുന്നു. ദൈവവചനം ഒരു ആസ്വാദനമാണ്; നമ്മുടെ ഉണ്മയി ലേക്ക് അത് സ്വീകരിക്കുകയും സ്വാംശീകരിക്കുകയും ചെയ്തതി നുശേഷം, അത് നമ്മുടെ ഉള്ളിൽ ആനന്ദവും പുറമേ സന്തോഷവും ആയിത്തീരുന്നു.

ഇതേ ചിന്ത നമുക്ക് വെളിപ്പെടുത്തിത്തരുന്നതായ വേറെ അനേകം വാക്യങ്ങളും ഉണ്ട്. " തിരുവചനം എന്റെ അണ്ണാക്കിന് എത്രമധുരം! അവ എന്റെ വായ്ക്ക് തേനിലും നല്ലത്" എന്ന് ദാവീദ് പറഞ്ഞു (സങ്കീ. 119:103). വചനം ഒരു ആസ്വാദനമാണ്; അത് നമ്മുടെ ആസ്വാദനത്തിന് തേനേക്കാൾ മധുരവും ഹൃദ്യവുമാണ്. ദൈവവചനം നമുക്ക് പഠിക്കുവാൻ മാത്രമല്ല, അതിലധികമായി നമുക്കു രുചിക്കുവാനും ഭക്ഷിക്കുവാനും ആസ്വദിക്കുവാനും സ്വാംശീകരിക്കുവാനും ഉള്ളതാകുന്നു എന്നാണ് ഈ വാക്യങ്ങളിൽനി ന്നെല്ലാം നാം മനസ്സിലാക്കുന്നത് .

ഇനിയും 1 പത്രൊസ് 2:2-3-ൽ വചനം ഭക്ഷിക്കുക എന്നാൽ കർത്താവിനെ രുചിച്ചറിയുക എന്നാണ് എന്ന് നമുക്ക് കാണാം. "ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയ്ക്കായി വള രുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിക്കുവാൻ വാഞ്ഛി ക്കുവിൻ. കർത്താവ് ദയാലു എന്ന് നിങ്ങൾ *ആസ്വദിച്ചിട്ടുണ്ടല്ലോ*". 2-ാം വാക്യത്തിൽ വചനം ഭക്ഷിക്കുന്ന കാര്യം ഉണ്ട്; 3-ാം വാക്യ ത്തിൽ കർത്താവിനെ ആസ്വദിക്കുന്ന കാര്യവും. നമ്മുടെ ആത്മീയ പോഷണമായി ദൈവവചനം നാം ഭക്ഷിക്കുമ്പോൾ, കർത്താവിനെ നാം ആസ്വദിക്കുന്നു. അതുകൊണ്ട് യിരെമ്യാവിനെപ്പോലെ, നാം വചനം ഭക്ഷിക്കണം; അപ്പോൾ നാം കർത്താവിനെ ആസ്വദിക്കു കയും ആത്മീയ പോഷണം പ്രാപിക്കുകയും ചെയ്യും.

വേറൊരു പ്രധാനവാക്യം 1 തിമൊഥെയോസ് 4:6b ആണ്. "വിശ്വാസത്തിന്റെ... വചനത്താൽ *പോഷണം ലഭിച്ച്* ക്രിസ്തുയേ ശുവിന് നല്ല ശുശ്രൂഷകൻ ആകും". ഒരു പക്ഷേ, നിങ്ങൾ ക്രിസ്തു മതത്തിൽ ആയിട്ട് പല വർഷങ്ങൾ ആയിരിക്കാം. ദൈവവചനത്തിൽ നാം പോഷണം പ്രാപിക്കണമെന്ന് നിങ്ങൾ എന്നെങ്കിലും കേട്ടി ട്ടുണ്ടോ? സാധാരണയായി വചനത്തിലും വചനത്താലും വചനം കൊണ്ടും "ഉപദേശം പ്രാപിക്കണം" എന്ന് നാം എപ്പോഴും ചിന്തി ക്കുന്നു. എന്നാൽ പോഷണം പ്രാപിക്കണം എന്ന് എത്ര ക്രിസ്ത്യാ നികൾ ശ്രദ്ധിച്ചിട്ടുണ്ട്? ദൈവവചനത്തിൽ പോഷണം പ്രാപിക്കണം എന്ന് ഉറപ്പിച്ചുപറയുന്ന ഒരു ദൂത് ആരെങ്കിലും ഒരിക്കലെങ്കിലും കേട്ടിട്ടുണ്ടോ?

ദൈവവചനം ദൈവമക്കളെ പോഷിപ്പിക്കുവാനുള്ള ഭക്ഷണം ആണ് എന്നായിരുന്നു അപ്പൊസ്തലനായ പൗലൊസിന്റെ ചിന്ത. നമ്മെ പഠിപ്പിക്കുക മാത്രമല്ല നമ്മെ വചനത്തിൽ പോഷിപ്പിക്കുകയും വേണം. പോഷണത്തിനായി കർത്താവിന് സ്തോത്രം! ഹാലേലൂയ്യ, അക്ഷരപ്രകാരം നമ്മെ പഠിപ്പിക്കുകയല്ല, വചനം നമ്മെ പോഷിപ്പിക്കുകയും വേണം! നമുക്ക് അറിവു നൽകണം എന്നതിനല്ല, വചനത്തിലെ ഐശ്വര്യങ്ങൾകൊണ്ട് നമ്മെ പോഷിപ്പിക്കണം എന്നതിനാണ് പൗലൊസ് ഊന്നൽ നൽകിയത്.

നാം തിരുവെഴുത്തുകൾ വായിക്കുവാൻ വരുമ്പോൾ എന്താണ് നമ്മുടെ ലക്ഷ്യം? പലവർഷങ്ങളായി നമ്മുടെ ലക്ഷ്യം അറിയുവാനോ, പഠിക്കുവാനോ, എന്തെങ്കിലും മനസ്സിലാക്കുവാനോ ആയിരുന്നിട്ടില്ലയോ? വേദപുസ്തകം ഒരു തരത്തിലുള്ള ഉപദേശം, ഉപദേശങ്ങൾ നിറഞ്ഞ ഒരു പുസ്തകം, എന്നായിരുന്നു നമ്മുടെ ധാരണ. അതുകൊണ്ട്, ചിലത് മനസ്സിലാക്കുവാനും അറിയുവാനുമായി നാം വചനത്തിലേക്ക് വന്നു. എന്നാലും, ദൈവവചനം മനസ്സിലാക്കുവാൻ നിഗൂഢമായ നമ്മുടെ ഗ്രഹണശക്തിയോടുകൂടെ അത്ഭുതകരമായ നമ്മുടെ മനസ്സ് കേവലം പ്രയോഗിക്കരുത്. ഇത് നാം അവഗണിക്കണം. നാം നമ്മുടെ മനസ്സിനെ പുകഴ്ത്തുകയോ, നമ്മുടെ ഗ്രഹണശക്തിയെ ഇത്രമാത്രം അഭിനന്ദിക്കുകയോ ചെയ്യരുത്. നാം പ്രാർത്ഥിച്ചുകൊണ്ട് വായിക്കുവാൻ നമ്മുടെ ആത്മാവിനെ പ്രയോഗിക്കുന്നതിന് വചനത്തിലേക്ക് വരുന്നതായ അന്ധന്മാർ, കേവലം ഭോഷന്മാർ ആയിരിക്കണം. പഴയ പാരമ്പര്യപ്രകാരമുള്ള മാർഗ്ഗം മറക്കുക!

വായിച്ചുകൊണ്ട് പ്രാർത്ഥിക്കുവാൻ നമുക്ക് അറിയത്തില്ലെങ്കിൽ, താഴെപറയുന്ന രീതിയിൽ നമുക്ക് പ്രാർത്ഥിക്കാം: ഒന്നാമത് അതിരാവിലെ പ്രാർത്ഥിക്കണം എന്നു ചിന്തിച്ചുകൊണ്ട് നമുക്ക് ഉണരാം. പിന്നീട് നാം ഇതുപോലെ പ്രാർത്ഥിക്കുവാൻ ശ്രമിക്കും: "കർത്താവേ, നീ നല്ലവനായതുകൊണ്ട് നിന്നെ ഞാൻ സ്തുതിക്കുന്നു... നീ എനിക്ക് സമാധാനം തന്നിരിക്കുന്നു... എല്ലാ വിധത്തിലുമുള്ള അപകടങ്ങളിൽനിന്ന് നീ എന്നെ സംരക്ഷിച്ചിരിക്കുന്നു..." അപ്പോൾ നമുക്ക് എവിടെയോ പോകുവാനുണ്ടെന്ന് പെട്ടെന്ന് നാം ഓർക്കുന്നു: "ഓ എനിക്ക് ഇപ്പോൾ യാത്രചെയ്യണം... കർത്താവേ, യാത്രാനുകൂല്യം... സുരക്ഷിതത്വം...കാറപകടത്തിൽനിന്ന്"...കുറെക്കൂടി ചിന്തിച്ചുകഴിഞ്ഞ്, "എനിക്ക് വിയറ്റ്നാമിൽ ഒരു സ്നേഹിതനുണ്ട്...കർത്താവേ, അവനെ ഓർക്കണമേ...വിയറ്റ്നാമിലെ ജെയിംസിനെ ഓർക്കണമേ...കർത്താവേ റ്റോം അവിടെയാണ്...അവന് സംരക്ഷണം ആവശ്യമാണ്,..."

നാം ആത്മാർത്ഥമായി ഉത്തരം പറയണം. ഇങ്ങനെയുള്ള പ്രാർത്ഥന നമുക്കുവേണ്ടി എന്തു ചെയ്യുന്നു? ഇങ്ങനെയാണ് മിക്ക ക്രിസ്ത്യാനികളും പ്രാർത്ഥിക്കുന്നത്. എന്നാൽ അവർക്ക് എന്തെങ്കിലും പോഷണം ലഭിക്കുന്നുവോ? അകമേ ആനന്ദത്തിന്റെ നിറവും പുറമേ സന്തോഷവും നൽകുന്നതായ എന്തെങ്കിലും അവർ നേടുന്നുവോ? ഇല്ല!

ശരിയായ മാർഗ്ഗം ഇതാണ്: ഒന്നാമത് വായിച്ചുകൊണ്ട് പ്രാർത്ഥിക്കുവാനായി വേദപുസ്തകത്തിലേക്ക് വരുക. നിങ്ങൾ കണ്ണുകൾ അടയ്ക്കേണ്ടതായ ആവശ്യമില്ല. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ നിങ്ങളുടെ കണ്ണുകൾ വചനത്തിൽ ഉറപ്പിക്കുക. നമ്മുടെ കണ്ണുകൾ അടച്ചുകൊണ്ട് നാം പ്രാർത്ഥിക്കണം എന്ന് പറയുന്നതായ ഒരു വാക്യം പോലും അറുപത്താറു പുസ്തകങ്ങൾ അടങ്ങിയ വേദപുസ്തകത്തിൽ കാണുവാൻ നമുക്ക് കഴിയുകയില്ല. എന്നാൽ.."പിതാവേ..." എന്നു പറഞ്ഞുകൊണ്ട് യേശു സ്വർഗ്ഗത്തിലേക്ക് നോക്കി എന്നു പറയുന്നതായ ഒരു വാക്യം ഉണ്ട്. അവൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ, അവൻ സ്വർഗ്ഗത്തിലേക്ക് നോക്കിക്കൊണ്ടിരിക്കുകയായിരുന്നു! ഉപദേശപരമായ രീതിയിൽ നാം തർക്കിക്കാതെ, പ്രാർത്ഥിക്കുവാൻ നമ്മുടെ കണ്ണുകൾ അടയ്ക്കേണ്ടതായ ആവശ്യമില്ലെന്ന് നാം മനസ്സിലാക്കണം. "ആദിയിൽ..." എന്നു പറയുന്നതായ അച്ചടിച്ചിരിക്കുന്നതായ പുറം നോക്കുക. പിന്നീട് നിങ്ങളുടെ കണ്ണുകൾ വചനത്തിൽ ഉറപ്പിക്കുകയും *ഉള്ളിൽ ആഴത്തിൽ* പ്രാർത്ഥിച്ചുകൊണ്ട്, "കർത്താവേ, 'ആദിയിൽ'! കർത്താവേ ഞാൻ നിന്നെ സ്തുതിക്കുന്നു. 'ആദിയിൽ വചനം ഉണ്ടായിരുന്നു.' വചനം എന്താണെന്ന് എനിക്ക് അറിയത്തില്ലെങ്കിലും വചനം ഉണ്ടായിരുന്നു. കർത്താവേ, ഞാൻ നിന്നെ സ്തുതിക്കുന്നു! 'ആദിയിൽ!' ഹാലേലൂയ്യാ! 'ആദിയിൽ! 'കർത്താവേ, ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു, വചനം ദൈവമായിരുന്നു" ഇങ്ങനെതന്നെ പ്രാർത്ഥിക്കുവാൻ പഠിക്കുക. ഒരു പക്ഷേ നിങ്ങൾ വേറൊരു വാക്യത്തിലേക്ക് തിരിയും. "ഒരു ശിക്ഷാവിധിയും ഇല്ല". "കർത്താവേ, ഒരു ശിക്ഷാവിധിയും ഇല്ല' കർത്താവേ, ഒരു ശിക്ഷാവിധിയും ഇല്ല' "കർത്താവേ ഒരു ശിക്ഷാവിധിയും ഇല്ല'. "കർത്താവേ, 'ഒരു *ശിക്ഷാവിധിയും* ഇല്ല'. കർത്താവേ, 'ഒരു ശിക്ഷാവിധിയും ഇല്ല.' ആമേൻ. 'ഇപ്പോൾ' കർത്താവേ. 'ഇപ്പോൾ'. ആമേൻ! 'ഇപ്പോൾ ഒരു ശിക്ഷാവിധിയും ഇല്ല'. കർത്താവിനു സ്തോത്രം! ഹാലേലൂയ്യാ! 'ഒരു *ശിക്ഷാവിധിയുമില്ല*", എന്നിങ്ങനെ.

നാം വായിച്ചുകൊണ്ട് പ്രാർത്ഥിക്കുമ്പോൾ, ഒരു വാചകം രചിക്കുകയോ, ഒരു പ്രാർത്ഥന സൃഷ്ടിക്കുകയോ ചെയ്യേണ്ടതായ ആവശ്യമില്ല. *വചനം* വായിച്ചുകൊണ്ട് പ്രാർത്ഥിച്ചാൽ മതിയാകും. വേദപുസ്തകത്തിലെ വചനങ്ങൾ *വായിക്കുന്ന പ്രകാരം തന്നെ* പ്രാർത്ഥിക്കുക. അതിന്റെ ഫലമായി, വേദപുസ്തകം മുഴുവനും ഒരു പ്രാർത്ഥനാപ്പുസ്തകം ആണെന്ന് നിങ്ങൾ കാണും! "കർത്താവിന്റെ പ്രാർത്ഥന" മാത്രമല്ല പ്രാർത്ഥന. വേദപുസ്തകം മുഴുവനും ഒരു പ്രാർത്ഥനയാണ്. വേദപുസ്തകത്തിലെ ഏതെങ്കിലും പുറം തുറന്ന് ഏതെങ്കിലും വരിയിലുള്ള ഏതെങ്കിലും വചനം പ്രാർത്ഥിക്കുവാൻ ആരംഭിക്കുക. മുപ്പതുമിനിറ്റ് കർത്താവിന്റെ സന്നിധിയിൽ ഇങ്ങനെ തുടർച്ചയായി പ്രാർത്ഥിക്കുന്നുവെങ്കിൽ, നിങ്ങൾക്ക് എത്ര പ്രകാശനവും നനയ്ക്കലും പോഷണവും ഉന്മേഷവും ബലവും സംതൃപ്തിയും ലഭിക്കുമെന്ന് നിങ്ങൾ കാണും. ഈ മുപ്പതു മിനിറ്റിൽനിന്ന് ദിവസം മുഴുവൻ നിലനില്ക്കുന്നതായ ഒരു ആത്മീയ പ്രഭാതഭക്ഷണം നിങ്ങൾക്ക് ലഭിക്കും!

ഒരു പ്രത്യേക ഭാഗം നിങ്ങൾക്ക് മനസ്സിലാകുന്നില്ലായിരിക്കാമെങ്കിലും ദൈവത്തിന്റെ വചനത്തിൽ ദൈവത്തിന്റേതായ ചിലത് വാസ്തവത്തിൽ ഉള്ളതുകൊണ്ട്, നിങ്ങൾക്ക് പോഷണം ലഭിക്കുന്നു. ദൈവവചനം അവന്റെ ശ്വാസം തന്നെയാണ്.(2തിമൊഥെയോസ് 3:16 ഗ്രീക്കിൽ "എല്ലാ തിരുവെഴുത്തും ദൈവ നിശ്വസ്തമാണ്", എന്ന് പറയുന്നു.)

വേദപുസ്തകം പഠിക്കുവാൻ മാത്രം തുനിയരുത്. ഇത് അറിവിന്റെ പുസ്തകമല്ല, ജീവന്റെ പുസ്തകമാണ്. ഈ പുസ്തകം ജീവനുള്ള ആത്മാവിന്റെ ദിവ്യമായ ആൾരൂപമാണ്; അവൻ ആത്മാവാണ്. ശരിയായ മാർഗ്ഗം മനസ്സിലാക്കുകയോ പഠിക്കുകയോ എന്നല്ല, വായിച്ചുകൊണ്ട് പ്രാർത്ഥിക്കുവാൻ ആത്മാവിനെ ഉപയോഗിച്ചുകൊണ്ട് വചനവുമായി ബന്ധപ്പെടുക എന്നാണ്. ഇതാണ് ശരിയായ മാർഗ്ഗം എന്ന് ആയിരക്കണക്കിന് ആളുകൾ തെളിയിച്ചിട്ടുണ്ട്. ഇങ്ങനെ വേദപുസ്തകത്തിലേക്കുള്ള വരവ് അവരുടെ ജീവിതത്തിന് വളരെയധികം മാറ്റം വരുത്തിയിട്ടുണ്ട്. അഞ്ച് പ്രഭാതവേള നിങ്ങൾ അതിന് ശ്രമിച്ചുനോക്കിയാൽ, നിങ്ങൾക്കും മാറ്റം വരും. വേദപുസ്തകത്തെ സംബന്ധിച്ച നിങ്ങളുടെ സകലധാരണയും സമൂലം വ്യത്യാസപ്പെടും. ആദ്യം അത് അത്ര നന്നായി പ്രവർത്തിക്കുകയില്ലായിരിക്കാം; എന്നാൽ പതിവായി ചെയ്താൽ നിങ്ങൾ ജീവിക്കുന്ന ആത്മാവിനെ സ്പർശിക്കും.

ഇന്ന് സഭയ്ക്കുവേണ്ടത് ഏറെ അറിവോ ഉപദേശങ്ങളോ അല്ല, *പോഷണമാണ്;* കർത്താവ് തന്റെ ശരീരത്തെ പോഷിപ്പിക്കുന്നത് അവന്റെ വചനത്താലാണ്. നമ്മെ പോഷിപ്പിക്കുവാനും നമ്മുടെ ആസ്വാദനമായിത്തീരുവാനും കർത്താവ് ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. വായിച്ചുകൊണ്ടുള്ള പ്രാർത്ഥന അവന് അത് നല്കുന്നു. ഇപ്രകാരമുള്ള പ്രാർത്ഥനയാൽ, ക്രിസ്തുവിന്റെ എല്ലാ ഐശ്വര്യങ്ങളും നമ്മിലേക്ക് കൊണ്ടുവരപ്പെടുകയും, പണിതുചേർക്കപ്പെടുകയും ചെയ്യും. ഉപദേശത്തിനോ, പഠിപ്പിക്കലിനോ, അറിവിനോ, ക്രിസ്തുവിനെ ഇത്രത്തോളം നമ്മിലേക്ക് പണിതു ചേർക്കുവാൻ കഴിയുകയില്ല. അതുകൊണ്ട് ഇപ്രകാരം പ്രാർത്ഥിക്കുവാൻ നാം എല്ലാവരും പഠിക്കണം. അതിന്റെ ഫലമായി, നാം നമ്മിൽനിന്ന് പുറത്ത് വരുകയും ക്രിസ്തു നമ്മെ സാന്ദ്രീകരിക്കുകയും ആത്മാവ് നമ്മിൽ അഭിവ്യാപിക്കുകയും ചെയ്യും.

അദ്ധ്യായം രണ്ട്

കർത്താവിനെ സ്പർശിക്കുവാനുള്ള ലളിതമായ ഒരു മാർഗ്ഗം

പൗലൊസ് തന്റെ ലേഖനങ്ങളിൽ ക്രിസ്തീയ നടപ്പിന്റെ ആത്യന്തിക ലക്ഷ്യം അഥവാ ലാക്ക് നമുക്ക് വ്യക്തമായും ഉറപ്പായും വെളിവാക്കിത്തരുന്നു: "അവനെ അറിയുക" (ഫിലി.3:10); "എനിക്ക് ജീവിക്കുന്നത് ക്രിസ്തു" (ഫിലി. 1:21); "നമ്മുടെ ജീവനായ ക്രിസ്തു" (കൊലൊ. 3:4). ഈ വാക്യങ്ങളിലൂടെ ക്രിസ്തീയ ജീവിതത്തിന്റെ യാഥാർത്ഥ്യവും മുഖ്യ വിഷയവും ക്രിസ്തു മാത്രമാണെന്ന് കാണുവാൻ നമുക്ക് കഴിയും.

ദൈവത്തിൽനിന്ന് ജനിച്ചവരും ഉള്ളിൽ ക്രിസ്തു ഉള്ളവരുമായ ആളുകൾ എന്ന നിലയിൽ, എല്ലാ ക്രിസ്ത്യാനികളും ക്രിസ്തുവിനെക്കുറിച്ച് പഠിക്കുന്നതിലോ, ക്രിസ്തുവിനുവേണ്ടി ചിലത് ചെയ്യുന്നതിലോ, ക്രിസ്തുവിനെ സേവിക്കുന്നതിലോ, മേലാൽ പൂർണ്ണമായി വ്യാപൃതരാകാതെ ഇരിക്കുന്ന ഘട്ടത്തിലേക്ക് നടത്തപ്പെടാതെ ഓരോ ദിവസവും സജീവമായി അവനെ സ്പർശിക്കുകയും അനുഭവിക്കുകയും ചെയ്യുന്ന യാഥാർത്ഥ്യത്തിൽ ആയിരിക്കണം. "ശത്രുക്കൾ ആയിരിക്കുമ്പോൾതന്നെ നമുക്ക് അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോടു നിരപ്പുവന്നുവെങ്കിൽ, നിരന്നശേഷം അവന്റെ ജീവനാൽ നാം എത്ര അധികമായി രക്ഷിക്കപ്പെടും" എന്ന് റോമർ 5:10 സാക്ഷ്യപ്പെടുത്തുന്നു. "എത്ര അധികമായി" എന്നത് *ക്രിസ്തുവിൽനിന്ന് അധികമായി* എന്നായിരിക്കണം. ഒരു ക്രിസ്ത്യാനിയുടെ ആരംഭത്തിലെ രക്ഷാനുഭവം അത്ഭുതകരമാണ്. അവൻ ഇപ്പോൾ ദൈവത്തിൽനിന്ന് ജനിച്ചിരിക്കുന്നു, എന്നാൽ ക്രിസ്തുവിന്റെ *ജീവനാൽ* അവൻ "അധികമായി" രക്ഷിക്കപ്പെടണം. ക്രിസ്തുവിനെ തന്റെ രക്ഷകനായി അറിയുന്ന ഓരോ വ്യക്തിയെയും എത്ര "അധികം" എന്ന ഈ അനുഭവത്തിലേക്ക് നടത്തുവാൻ കഴിയും. അങ്ങനെ നടത്തപ്പെടുകയും വേണം; ഇത്-ഓരോ നിമിഷവും അവനെ അനുഭവമാക്കുകയും സ്പർശിക്കുകയും ആസ്വദിക്കുകയും ചെയ്തുകൊണ്ട്-പൂർണ്ണമായി ക്രിസ്തുവിൽ കേന്ദ്രീകരിക്കപ്പെട്ടതായ ഒരു ജീവിതത്തിന്റെ നിറവിലേക്കും യാഥാർത്ഥ്യത്തിലേക്കും പ്രവേശിക്കുകയാണ്.

വീണ്ടെടുപ്പ് സാധിക്കുന്നു

എല്ലാ ക്രിസ്ത്യാനികളും പൂർണ്ണമായും സജീവമായും കർത്താവുമായി ബന്ധപ്പെടുവാൻ തക്കവണ്ണം ഇന്ന് കർത്താവ് അവനെത്തന്നെ നൽകിയിരിക്കുന്നു. ആദിയിൽ യേശുക്രിസ്തു ദൈവം ആയിരുന്നുവെന്ന് വേദപുസ്തകം വെളിപ്പെടുത്തുന്നു (യോഹ.1:1). പിന്നീട് ഒരു ദിവസം ഭൂമിയിൽ വസിക്കുവാനും സകലർക്കും വേണ്ടി വീണ്ടെടുപ്പ് സാധിക്കുവാനുമായി ഈ ദൈവം തന്നെ ഒരു മനുഷ്യനായിത്തീർന്നു (യോഹ. 1:14). നാം വീണ്ടെടുപ്പിന് പങ്കാളികളാകുകയും (എഫെ. 1:7) ദൈവത്തോടു നിരപ്പു പ്രാപിക്കുകയും ചെയ്യേണ്ടതിന് തന്റെ രക്തം ചൊരിയുന്നതിന് ദൈവത്തിന്റെ കുഞ്ഞാ

ടായി അവൻ നമ്മുടെ ഇടയിൽ ഉണ്ടായിരുന്നു. ഇത് വാസ്തവത്തിൽ മഹത്വകരമാണ്! ക്രിസ്തു ഒരു മനുഷ്യനായിത്തീരുകയും മുപ്പത്തി മൂന്നരവർഷം ഭൂമിയിൽ ജീവിക്കുകയും സകലർക്കുംവേണ്ടി വീണ്ടെടുപ്പ് സാധിക്കുകയും ചെയ്തു. എന്നാലും, ക്രിസ്തു ഇവിടെ വേല നിർത്തിയിരുന്നുവെങ്കിൽ, ഇത് നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ പൂർത്തീകരണം ആകുമായിരുന്നു. എല്ലാവർക്കും പാപമോചനം ആസ്വദിക്കുവാൻ കഴിയുമായിരുന്നു, എന്നാൽ ആരും അവന്റെ *ജീവനാൽ* രക്ഷിക്കപ്പെടുകയില്ലായിരുന്നു. ദിവസവും പ്രായോഗികമായി അവനെ സ്പർശിക്കുവാനോ, അനുഭവമാക്കുവാനോ ആർക്കും കഴിയുകയില്ലായിരുന്നു. ഓരോ ക്രിസ്ത്യാനിയും " എത്രയോ അധികമായി" ഈ അനുഭവത്തിലേക്ക് പ്രവേശിക്കുവാൻ ക്രിസ്തു എന്തു ചെയ്തു? അവൻ ക്രൂശിക്കപ്പെടുകയും അടക്കപ്പെടുകയും *മാത്രമേ* ചെയ്തുള്ളുവോ? അവസാനം അതായിരുന്നുവോ? അതു മാത്രമല്ല എന്നതിന് നാം അവനെ സ്തുതിക്കണം.

ജീവിപ്പിക്കുന്ന ആത്മാവ്

തന്റെ ക്രൂശ്മരണത്തിന് അല്പം മുമ്പ് *താൻ അവരുടെ ഇടയിൽ* ആയിരുന്നുവെന്നും താൻ *അവരിൽ* ആയിരിക്കുമെന്നും അവൻ തന്റെ ശിഷ്യന്മാരോട് പറഞ്ഞു (യോഹ. 14:16-20). ഇത് എങ്ങനെ സാദ്ധ്യമാകും ? യേശു മരിക്കുകയും അടക്കപ്പെടുകയും, അത് അവസാനം ആയിരിക്കുകയും മാത്രം ചെയ്തിരുന്നുവെങ്കിൽ അവന് തന്റെ ശിഷ്യന്മാരിലേക്ക് പ്രവേശിക്കുവാനോ, തന്റെ ജനത്തിലേക്ക് പ്രവേശിക്കുവാനോ ഒരിക്കലും കഴിയുമായിരുന്നില്ല. എന്നാൽ കർത്താവിന് സ്തോത്രം, അവന്റെ അടക്കത്തിന്റെ മൂന്നാം നാൾ മരണപാശങ്ങളെ തകർത്ത് അവൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റു. അതുകൊണ്ട് നമുക്ക് ഈ ചോദ്യം ചോദിക്കാം: അവൻ ഇന്ന് ഏതു രൂപത്തിലാണ്? അവൻ *ആത്മാവാണ്*!" "ഒടുക്കത്തെ ആദാം [ക്രിസ്തു] ജീവിപ്പിക്കുന്ന ആത്മാവായിത്തീർന്നു" (1കൊരി. 15:45).

താൻ അവരിലേക്ക് പ്രവേശിക്കുമെന്ന് യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞിരുന്നു; അതുകൊണ്ട്, അവന്റെ പുനരുത്ഥാനത്തിനു ശേഷം താമസിയാതെ വാതിലുകൾ അടയ്ക്കപ്പെട്ടിരുന്ന ഒരു മുറിയിൽ അവരുടെ മുമ്പാകെ അവൻ പ്രത്യക്ഷനായി. അവൻ ആത്മാവ് അല്ലായിരുന്നുവെങ്കിൽ ഇത് ഒരിക്കലും അവന് സാദ്ധ്യമാകുമായിരുന്നില്ല. അവിടെവച്ച് "പരിശുദ്ധാത്മാവിനെ പ്രാപിക്കുക എന്ന് പറഞ്ഞ് അവൻ അവരിലേക്ക് ഊതി" (യോഹ. 20:22). ആ നിമിഷത്തിൽ, അവരുടെ ഇടയിലും അവർക്കു വെളിയിലും ആയിരുന്ന യേശു, *അവരിലേക്ക്* വന്നു. ക്രിസ്തു ആത്മാവ് അല്ലായിരുന്നുവെങ്കിൽ അവന് തന്റെ ശിഷ്യന്മാരിലേക്ക് പ്രവേശിക്കുവാൻ ഒരിക്കലും കഴിയുകയില്ലായിരുന്നു. "കർത്താവ് ആത്മാവാകുന്നു" (2 കൊരി. 3:17). ദൈവത്തോടു നിരപ്പു പ്രാപിച്ച എല്ലാവരുടെയും *ഉള്ളിൽ തങ്ങളുടെ ധാരാളമായ സഹായമായും തങ്ങൾക്കുവേണ്ടതെല്ലാമായും ഈ ജീവിപ്പിക്കുന്ന ആത്മാവ് വസിക്കുന്നുണ്ട്.* ക്രിസ്തു ആത്മാവായിത്തീരുകയും ഓരോ ക്രിസ്ത്യാനിയിലേക്കും പ്രവേശിക്കുകയും ചെയ്തിരിക്കുന്നതുകൊണ്ട്, ഇപ്പോൾ അവർക്ക് അവൻ പ്രയോജന

പ്പെടുത്താവുന്നവനാണ്; അവർക്ക് ബന്ധപ്പെടുവാനും അനുഭവമാക്കുവാനും ആസ്വദിക്കുവാനും അനായാസം കഴിയും. "അവന്റെ ജീവനിൽ നാം എത്ര അധികമായി രക്ഷിക്കപ്പെടും."

കർത്താവിനെ വിളിച്ചപേക്ഷിക്കുക

ക്രിസ്തു മനുഷ്യനായിത്തീരുകയും നമുക്കുവേണ്ടി വീണ്ടെടുപ്പ് സാധിക്കുകയും, ആത്മാവായിത്തീരുകയും നമുക്ക് ജീവനും സർവ്വവുമായിരിക്കുവാൻ നമ്മിലേക്ക് ഇപ്പോൾ പ്രവേശിച്ചിരിക്കുകയും ചെയ്തതുകൊണ്ട് ഇതെല്ലാം വാസ്തവത്തിൽ അത്ഭുതകരം, അത്ഭുതങ്ങളിൽ അത്ഭുതം ആണ്; എന്നാൽ ഇപ്പോൾ നാം ഉന്നയിക്കേണ്ടതായ ചോദ്യം ഇതാണ്: ഓരോ നിമിഷവും *നമ്മുടെ* ജീവൻ തന്നെയായി *പ്രായോഗികമായ വിധത്തിൽ നമുക്ക്* എങ്ങനെ ക്രിസ്തുവിനെ സ്പർശിക്കുവാനും അനുഭവമാക്കുവാനും കഴിയും? കർത്താവ് *ലളിതമായ* ഒരു മാർഗ്ഗം നല്കിയിരിക്കുന്നു. അവന്റെ നാമം വിളിച്ചപേക്ഷിക്കുക മാത്രമാണ് നാം ചെയ്യേണ്ടത്; ജീവിപ്പിക്കുന്ന സഹായമായ അവനെ നാം സ്പർശിക്കും. "എല്ലാവർക്കും കർത്താവ് ഒരുവൻതന്നെ; അവൻ തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും നൽകുവാൻ തക്കവണ്ണം സമ്പന്നൻ ആകുന്നു; 'കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും' എന്നുണ്ടല്ലോ" എന്ന് റോമർ 10:12b-13-ൽ വേദപുസ്തകം പറയുന്നു. കഴിഞ്ഞകാലത്ത്, ഈ വാക്യങ്ങൾ ആദ്യത്തെ രക്ഷാനുഭവത്തിനുമാത്രം ബാധകമായിരുന്നു എന്ന ധാരണ നമുക്കുണ്ടായിരിക്കാം; എന്നാലും, ഓരോ ക്രിസ്ത്യാനിക്കും പാപത്തിൽനിന്നും സ്വയത്തിൽനിന്നും മാനുഷിക ബലഹീനതയിൽനിന്നും മറ്റ് പ്രതിലോമകാര്യങ്ങളിൽനിന്നും ദൈനംദിന രക്ഷയും ആവശ്യമാണ്. അനുലോമവശത്ത്, സകല കാര്യങ്ങളിലും ക്രിസ്തുവിലേക്ക് അവൻ വളരുന്നതിന് അവനെ പോഷിപ്പിക്കുവാനും ബലപ്പെടുത്തുവാനും അവന് ധാരാളമായ സഹായവും ആവശ്യമാണ്. ഇത് യഥാർത്ഥവത്കരിക്കുവാനുള്ള മാർഗ്ഗം കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുക മാത്രമാണ്. തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും അവൻ സമ്പന്നനാണ്. നിർമ്മല ഹൃദയത്തോടെ *കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവരോടുകൂടെ* ക്രിസ്തീയ ജീവിതം നയിക്കുവാൻ തിമൊഥെയോസിനെ പൗലൊസ് നിർബന്ധിക്കുന്നതായി 2തിമൊഥെയോസ് 2:22-ൽ നാം കാണുന്നു.

ക്രിസ്തുവിനെ സംബന്ധിച്ച ക്രിസ്ത്യാനിയുടെ അനുഭവം ദൈവം നിർണ്ണയിച്ചപോലെ വിശ്വാസിക്ക് യഥാർത്ഥവും ലോകത്തിലുള്ളവർക്ക് ഒരു സാക്ഷ്യവും ആയിരിക്കണം. ആദ്യകാല ക്രിസ്ത്യാനികളുടെ സാക്ഷ്യം എന്തായിരുന്നു? അത് ഇതായിരുന്നു: അവർ കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ച ഒരു ജനം ആയിരുന്നു. ഇത് പ്രവൃത്തികൾ 9:14-ൽ നമുക്ക് കാണാം; പൗലൊസ് തന്റെ മനംതിരിവിനു മുമ്പ് കർത്താവിന്റെ നാമം *വിളിച്ചപേക്ഷിക്കുന്നവരെ* എല്ലാം ഉപദ്രവിച്ചു എന്ന് അവിടെ പറയുന്നു. അവന്റെ നാമം *വിളിച്ചപേക്ഷിക്കുന്നവരെ* എല്ലാം ബന്ധിക്കുവാൻ അവന് മഹാപുരോഹിതന്മാരിൽനിന്ന് അധികാരം ലഭിച്ചിരുന്നു. ആദ്യകാല ക്രിസ്ത്യാനി

കൾ എല്ലായിടത്തും കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചവർ ആയിരുന്നുവെന്ന് നമ്മെ കാണിക്കുന്നതായ 1 കൊരിന്ത്യർ 1:2 ഇത് വീണ്ടും സ്ഥിരീകരിക്കുന്നു.

ഇന്ന് അനേക ക്രിസ്ത്യാനികൾ ദിവസംതോറും മണിക്കൂർതോറും നിമിഷം തോറും കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നത് പതിവാക്കുവാൻ ആരംഭിച്ചിട്ടുണ്ട്. അവർക്കുവേണ്ടത് കർത്താവിനെ മാത്രമാണെന്നും തങ്ങളുടെ ഉള്ളിന്റെ ആഴത്തിൽനിന്ന് ഏതു സമയത്തും ഏതു സാഹചര്യത്തിലും അവനെ സ്പർശിക്കുവാനും അവനുമായി കൂട്ടായ്മ ആചരിക്കുവാനും കഴിയുമെന്നും അവർ കണ്ടെത്തിയിരിക്കുന്നു. നാം കർത്താവിനെ വിളിച്ചപേക്ഷിക്കുന്നത്, സ്വർഗ്ഗത്തിൽ വസിക്കുന്നവനായ ക്രിസ്തുവിനെ വിളിച്ചപേക്ഷിക്കുന്ന വിഷയനിഷ്ഠമായ രീതിയിലല്ല, പിന്നെയോ നമ്മുടെ ആത്മാവിൽ വസിക്കുന്നവനും ആത്മാവായവനുമായ ക്രിസ്തുവിനെ ആണ് (2തിമൊ. 4:22). ഉള്ളിന്റെ ആഴത്തിൽനിന്ന് വിളിച്ചപേക്ഷിക്കുന്നതിനാൽ, നമ്മുടെ ഉള്ളിൽ ക്രിസ്തുവിന്റെ ഒഴുക്കും കൂട്ടായ്മയും നാം സംവേദിക്കും.

സത്യാരാധന

"സത്യ നമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യസന്ധതയിലും നമസ്കരിക്കുന്ന നാഴികവരുന്നു, വന്നുമിരിക്കുന്നു; ഇങ്ങനെയുള്ളവർ നമസ്കരിക്കണമെന്ന് പിതാവ് ആഗ്രഹിക്കുന്നു. ദൈവംആത്മാവാകുന്നു; അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യസന്ധതയിലും അവനെ നമസ്കരിക്കണം" (യോഹ. 4:23-24). ഓരോ ക്രിസ്ത്യാനിക്കും കൂട്ടായ്മയുടെ ഈ സത്യാരാധന സ്ഥിരവും ജീവദായകവും ആയിരിക്കണമെന്ന് ആണ് ഉദ്ദേശിച്ചിരിക്കുന്നത്. ഈ വാക്യങ്ങളിൽ സത്യാരാധന ചില നിയമങ്ങളിലും രീതികളിലും ചടങ്ങുകളിലും ചിട്ടകളിലും പങ്കെടുക്കുകയോ, അവ പാലിക്കുകയോ അല്ല, പിന്നെയോ, അത് സത്യവും യാഥാർത്ഥ്യവുമായ യേശുക്രിസ്തുവുമായി ബന്ധപ്പെടുകയും കൂട്ടായ്മ ആചരിക്കുകയും ചെയ്തുകൊണ്ട്, ഉള്ളിന്റെ ആഴത്തിൽനിന്ന് അവനെ വിളിച്ചപേക്ഷിക്കുകയാണ്. നമ്മെ സംബന്ധിച്ച പിതാവിന്റെ ആഗ്രഹം ദിവസം മുഴുവനും, ഓരോ ദിവസവും തന്റെ പുത്രനെ സ്പർശിക്കുകയും അവനുമായി കൂട്ടായ്മ ആചരിക്കുകയും ചെയ്യുന്ന ഈ സത്യാരാധന നാം ആസ്വദിക്കുകയും അതിൽ പങ്കെടുക്കുകയും ചെയ്യണം എന്നാണ്. ജോലി ചെയ്യുമ്പോഴായാലും ക്ലാസ്സുമുറിയിൽ ആയാലും കാറ് ഓടിക്കുമ്പോഴായാലും ഒരു സ്നേഹിതനോട് സംസാരിക്കുമ്പോഴായാലും അഥവാ മറ്റു ക്രിസ്ത്യാനികളുമായുള്ള യോഗങ്ങളിലായാലും, നമ്മുടെ കർത്താവുമായി നാം ബന്ധപ്പെടുകയും കൂട്ടായ്മ ആചരിക്കുകയും ചെയ്യണം എന്നാണ് അവന്റെ ആഗ്രഹം.

വീണ്ടും നാം കർത്താവിനെ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്യണം; അതായത്, ആത്മാവിലും സത്യസന്ധതയിലും അവനെ ആരാധിച്ചുകൊണ്ട് നാമവനെ വിളിച്ചപേക്ഷിക്കണം എന്നു മാത്രമല്ല, അവൻ നമ്മോട് പറഞ്ഞിരിക്കുന്നത്; പിന്നെയോ, ഈ സത്യാ

രാധനയിൽ അവനെ സ്പർശിക്കുവാനായി വളരെ പ്രായോഗികവും ലളിതവുമായ മാർഗ്ഗവും അവൻ നമുക്ക് നൽകിയിരിക്കുന്നു. കർത്താവിനെ വിളിച്ചപേക്ഷിച്ചുകൊണ്ട് മാത്രം അവനെ സ്പർശിക്കുവാനും അനുഭവമാക്കുവാനും നമുക്ക് കഴിയുമെന്ന് നമ്മെ കാണിക്കുവാൻ വേദപുസ്തകം വ്യക്തമായ ഉദാഹരണങ്ങൾ നല്കിയിരിക്കുന്നു. "അപ്പോൾ ഒരു കുഷ്ഠരോഗിവന്ന് അവനെ നമസ്കരിച്ചു, കർത്താവേ...എന്നു പറഞ്ഞു" എന്ന് മത്തായി 8:2-ൽ നാം വായിക്കുന്നു. "എന്നാൽ അവൾ വന്നു, കർത്താവേ...എന്ന് പറഞ്ഞു അവനെ നമസ്കരിച്ചു" എന്ന് മത്തായി 15:25-ൽ നാം വായിക്കുന്നു.

ഏതു സ്ഥലത്തും ഏതു സമയത്തും ഏതു സാഹചര്യത്തിലും സത്യാരാധനയിൽ നമുക്കു പങ്കെടുക്കാം എന്ന് കാണുവാൻ ഈ വാക്യങ്ങൾ നമ്മെ സഹായിക്കുന്നു. നമ്മുടെ തൊട്ടടുത്തുള്ള സാഹചര്യം എന്തായാലും, "കർത്താവേ, കർത്താവേ", എന്നു പ്രാർത്ഥിച്ചുകൊണ്ടുമാത്രം നമുക്ക് അവനെ ആരാധിക്കാം. പരീക്ഷിക്കപ്പെടുമ്പോഴോ, നിരാശപ്പെടുമ്പോഴോ, ബുദ്ധിമുട്ടുമ്പോഴോ "കർത്താവേ" എന്നു പറഞ്ഞുകൊണ്ട് അവന്റെ നാമം ശ്വസിക്കുന്നത് അവരെ കർത്താവുമായുള്ള യഥാർത്ഥ സ്പർശനത്തിലേക്കും കൂട്ടായ്മയിലേക്കും, സ്വയത്തിൽനിന്നും പാപത്തിൽനിന്നും ലോകത്തിൽനിന്നുമുള്ള പൂർണ്ണ വിടുതലിലേക്കും കൊണ്ടുവരുന്നു എന്ന് അനേകം ക്രിസ്ത്യാനികൾ മനസ്സിലാക്കിക്കൊണ്ടിരിക്കുന്നു. നമ്മുടെ ഉള്ളിന്റെ ആഴത്തിൽനിന്ന് ഇങ്ങനെ നാം നിലവിളിക്കുമ്പോൾ, ക്രിസ്തുവും അവന്റെ ജീവനും നമ്മുടെ ഉള്ളിൽ ഒഴുകുകയും നീങ്ങുകയും ചെയ്തുകൊണ്ടിരിക്കുന്നു എന്ന ആഴമായ ആന്തരികബോധം നമുക്കുണ്ട്. സങ്കീർത്തനക്കാർ കർത്താവിനോട് പ്രാർത്ഥിച്ചപ്പോൾ "കർത്താവേ" എന്ന് നൂറ്റിഎൺപതിലധികം പ്രാവശ്യം അവർ നിലവിളിച്ചു എന്ന് സങ്കീർത്തനങ്ങളിൽ നാം കാണുന്നു. "ഞാൻ പൂർണ്ണഹൃദയത്തോടെ വിളിച്ചപേക്ഷിച്ചു; കർത്താവേ എനിക്ക് ഉത്തരം അരുളണമേ" എന്ന് ഒരു അവസരത്തിൽ സങ്കീർത്തനക്കാരൻ പറഞ്ഞു (സങ്കീ.119:145). വേറൊരു അവസരത്തിൽ "അയ്യോ കർത്താവേ, എന്ന് ഞാൻ കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചു" എന്ന് ഒരുവൻ പറഞ്ഞു (സങ്കീ.116:4). സത്യമായും കർത്താവിനെ വിളിച്ചപേക്ഷിക്കുന്നത് ലഘുവായ ഒരു കാര്യമല്ല., എന്നാലും അത് വളരെ ലളിതവും പ്രായോഗികവും ആണ്. ഇങ്ങനെ അകമേയുള്ള നമ്മുടെ സന്തോഷവും തൃപ്തിയുമായി ദിവസന്തോറും നിമിഷന്തോറും ക്രിസ്തുവിനെ സ്പർശിക്കുവാനും അനുഭവമാക്കുവാനും നമുക്ക് കഴിയും.

വെളിപ്പാട് 19:4-ൽ സത്യാരാധനയെക്കുറിച്ച് വേറൊരു ഉദാഹരണം വേദപുസ്തകം നല്കുന്നു: ഇരുപത്തിനാല് മൂപ്പന്മാരും നാല് ജീവികളും: ആമേൻ ഹാലേലുയ്യ! എന്നു പറഞ്ഞ് സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തെ വീണു നമസ്കരിച്ചു". "ദൈവത്തിന്റെ വാഗ്ദാനങ്ങൾ എത്ര ഉണ്ടെങ്കിലും അവനിൽ ഉവ്വ് എന്നത്രേ, അതുകൊണ്ട് ഞങ്ങളാൽ ദൈവത്തിന് മഹത്വം ഉണ്ടാകേണ്ടതിന്" എന്ന് 2 കൊരിന്ത്യർ 1:20 പറയുന്നു. "ആമേൻ " എന്നത് ക്രിസ്തുവിന്

നല്കിയിരിക്കുന്ന വേറൊരു നാമം ആണെന്ന് വെളിപ്പാട് 3:14-ൽ നാം കാണുന്നു. ഉള്ളിന്റെ ആഴത്തിൽനിന്ന് *ആമേൻ* എന്ന് നാം നിലവിളിക്കുമ്പോൾ "കർത്താവേ, കർത്താവേ" എന്ന് നാം വിളിച്ച പ്പോൾ എന്നപോലെ, ക്രിസ്തുവിനെ സ്പർശിച്ചു എന്ന് നാം സംവേ ദിക്കുന്നു; കാരണം അവന്റെ നാമം കർത്താവ് എന്നായിരിക്കുന്നതു പോലെ, അവന്റെ നാമം ആമേൻ എന്നും ആണ്. നാം "ആമേൻ" എന്നു വിളിച്ചപേക്ഷിക്കുന്നത്, കർത്താവിന് യഥാർത്ഥമായ ഒരു സ്തുതിയും ആണെന്ന് 1 ദിനവൃത്താന്തം1:36-ൽ നാം കാണുന്നു. "യിസ്രായേലിൻ ദൈവമായ യഹോവ എന്നും എന്നേക്കും വാഴ്ത്ത പ്പെട്ടവൻ. സകല ജനവും ആമേൻ എന്നു പറഞ്ഞ് യഹോവയെ സ്തുതിച്ചു." ഉള്ളിന്റെ ആഴത്തിൽനിന്ന് നാം "ആമേൻ" എന്നു നില വിളിക്കുന്നത് നാം കർത്താവിനെ വിളിച്ചപേക്ഷിക്കുകയും അവനെ സ്പർശിക്കുകയും ചെയ്യുകയാണ്.

ഹാലേലൂയ്യാ എന്നാൽ "കർത്താവിനെ നിങ്ങൾ സ്തുതിക്കുക" എന്നാണ്, അതായത്,"യഹോവയെ നിങ്ങൾ സ്തുതിക്കുക" എന്നാ ണ്. സങ്കീർത്തനക്കാരൻ വീണ്ടും വീണ്ടും തന്റെ ദൈവാരാധന യിലും സ്തുതിയിലും ഹാലേലൂയ്യ എന്ന് പറഞ്ഞു. അവസാനത്തെ അഞ്ചു സങ്കീർത്തനങ്ങൾ ആരാധന എന്ന ഈ സ്വർഗ്ഗീയ വചന ത്താൽ ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്നു. വെളി പ്പാട് 19:1,3, 4,6-ൽ ദൈവാരാധാനയിൽ ഈ പദം ഉപയോഗിച്ചിരി ക്കുന്നതായും നമുക്ക് കാണാം. ഇന്നും അങ്ങനെതന്നെയാണ്. ഇതേ ലളിതമായ വിധത്തിൽ നമുക്ക് നമ്മുടെ കർത്താവിനെ ആരാധി ക്കുവാനും അവനുമായി കൂട്ടായ്മ ആചരിക്കുവാനും കഴിയും. ദിവസം മുഴുവൻ "കർത്താവേ! ആമേൻ! ഹാലേലൂയ്യ!" എന്ന് നമുക്ക് ഉള്ളിന്റെ ആഴത്തിൽനിന്ന് നിലവിളിക്കുവാൻ കഴിയും.

ചുരുക്കത്തിൽ, ദൈവപുത്രനായ യേശുക്രിസ്തു ഈ ഭൂമിയി ലേക്ക് വന്ന് മനുഷ്യജീവിതം നയിക്കുകയും നമ്മുടെ പാപങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെടുകയും അടക്കപ്പെടുകയും ഉയിർത്തെഴുന്നേ ല്ക്കുകയും ജീവിപ്പിക്കുന്ന ആത്മാവായിത്തീരുകയും ചെയ്തു. നാം അവനിലേക്ക് വിശ്വസിച്ചപ്പോൾ, നമ്മുടെ ജീവനും നമുക്ക് സർവ്വ വുമായി അവൻ ആത്മാവായ നമ്മുടെ ആത്മാവിലേക്ക്, നമ്മുടെ ആളത്തത്തിന്റെ ഏറ്റവും ഉള്ളിലുള്ള ഭാഗത്തേക്ക് വന്നു. ഇന്ന്, അവൻ ആത്മാവ് എന്ന നിലയിൽ നമുക്കു വായു എന്നപോലെ - പുതുമയുള്ളതും ലഭ്യവും-ആണ്. "കർത്താവേ!" അഥവാ "ആമേൻ!" അഥവാ "ഹാലേലൂയ്യ!" എന്ന് നാം ഉറക്കെ പറയുമ്പോൾ നമ്മി ലേക്ക് ജീവിപ്പിക്കുന്ന ശ്വാസമായി നാം അവനെ സ്വീകരിക്കുക യും, അവൻ തന്റെ എല്ലാ ഐശ്വര്യങ്ങളും നമുക്ക് നല്കുകയും ചെയ്യും. ഇന്ന് ദൈവത്തോടുള്ള നമ്മുടെ പ്രാർത്ഥനയായും സ്തുതി യായും ഈ മൂന്ന് വാക്കുകൾ നാം ശ്വസിക്കണം. "കർത്താവേ! ആമേൻ! ഹാലേലൂയ്യ!" എന്ന് ഉള്ളിന്റെ ആഴത്തിൽനിന്ന് ശ്വസിക്കുക; ക്രിസ്തുവിന്റെ മാധുര്യവും യാഥാർത്ഥ്യവും നിങ്ങൾ രുചിച്ചറിയും. അവന്റെ ജീവൻ സത്യമായും രക്ഷിക്കുന്ന ജീവനാണെന്ന് നിങ്ങൾ അധികമധികമായി അനുഭവിച്ചറിയുവാൻ തുടങ്ങും. ഇന്ന് തങ്ങൾക്ക്

അവനെ അറിയുവാനും അവന്റെ പുനരുത്ഥാനശക്തിയിലേക്ക് നടത്തപ്പെടുവാനും അവന്റെ തത്സമയ രക്ഷ അനുഭവമാക്കുവാനും, "കർത്താവേ! ആമേൻ! ഹാലേലൂയ്യാ!" എന്ന് വിളിച്ചുകൊണ്ട് അവനുമായുള്ള ഒരുമയിൽ നടക്കുവാനും കഴിയുമെന്ന് അനേകം ക്രിസ്ത്യാനികൾ കണ്ടെത്തിയിരിക്കുന്നു.

അദ്ധ്യായം 3

ആഴം ആഴത്തിനായി വിളിക്കുന്നു

വേദവായന: സങ്കീ.42:7; മർക്കൊ.4:5-6; യെശ.39:1-6;
2കൊരി. 12:1-4; പ്രവൃ.5:1-5

"ആഴം ആഴത്തിനായി വിളിക്കുന്നു" എന്ന് സങ്കീർത്തനം 42:7 പറയുന്നു. ആഴങ്ങളിൽനിന്നുള്ള ഒരു വിളിക്ക് മാത്രമേ ആഴങ്ങളിൽനിന്നുള്ള ഒരു പ്രതികരണത്തെ ഇളക്കുവാൻ കഴിയുകയുള്ളൂ. ആഴമില്ലാത്ത യാതൊന്നിനും ആഴങ്ങളെ സ്പർശിക്കുവാൻ കഴിയുകയില്ല അഥവാ ഉപരിപ്ലവമായ യാതൊന്നിനും അന്തർഭാഗങ്ങളെ സ്പർശിക്കുവാൻ കഴിയുകയില്ല. ആഴി മാത്രമേ ആഴിക്ക് പ്രതികരി ക്കുകയുള്ളൂ. ആഴങ്ങളിൽനിന്ന് വരാത്ത യാതൊന്നിനും ആഴങ്ങളെ സ്പർശിക്കുവാൻ കഴിയുകയില്ല. നമ്മുടെ ഉള്ളിൽ ആഴത്തിൽനിന്ന് വരുന്നതിനോട് മാത്രമേ മറ്റുള്ളവർക്ക് ആഴത്തിൽനിന്ന് പ്രതികരിക്കുവാൻ കഴിയൂ. നാം ഒരു പ്രത്യേകസ്ഥലത്ത് പോകുകയും ഒരു ദൂത് ശ്രദ്ധിക്കുകയും ചെയ്യുമ്പോൾ, മറ്റുള്ളവരുടെ ആഴത്തിൽനിന്ന് പുറത്തു വരുന്ന ഒന്നിനു മാത്രമേ നമ്മെ സ്പർശിക്കുവാൻ കഴിയുകയുള്ളൂ. ആഴങ്ങളിൽനിന്ന് യാതൊന്നും വരുന്നില്ലെങ്കിൽ, നാം സ്വീകരിക്കുന്നതായ സഹായം വെറും ഉപരിപ്ലവമായിരിക്കും. ആഴങ്ങളുടെ പ്രാധാന്യം നാം കാണേണ്ടിയിരിക്കുന്നു. ആഴങ്ങളിൽനിന്നു വരാത്തതായ യാതൊന്നും മറ്റുള്ളവരുടെ ആഴങ്ങളിലേക്ക് ഒരിക്കലും എത്തിച്ചേരുകയില്ല. നമ്മുടെ ആഴങ്ങളിൽ സഹായമോ പ്രയോജനമോ നാം ഒരിക്കലും പ്രാപിച്ചിട്ടില്ലെങ്കിൽ, നമ്മുടെ ആഴങ്ങളിൽ നിന്ന് വരുന്നതായ യാതൊന്നും നമുക്ക് ഒരിക്കലും ഉണ്ടായിരിക്കുകയില്ല. മറ്റുള്ളവർക്ക് ആത്മീയ സഹായം നല്കുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ, നമ്മുടെ ആഴങ്ങളിൽനിന്ന് ചിലത് പുറത്തുവരണം. നാം ആഴത്തിൽ കുഴിക്കുന്നില്ലെങ്കിൽ, നമുക്ക് ഒരിക്കലും മറ്റുള്ളവരെ നേടുവാൻ കഴിയുകയില്ല. നമ്മുടെ സംസാരം ആഴങ്ങളിൽനിന്നുള്ളത് അല്ലെങ്കിൽ, നാം അവരുടെ വികാരങ്ങളെയും ചിന്തകളെയും നേടുവാനോ അവരെ കരയിക്കുവാനോ, സന്തോഷിപ്പിക്കുവാനോ അല്പനേരത്തേക്ക് വികാരഭരിത രാക്കുവാനോ കഴിഞ്ഞാലും, മറ്റുള്ളവരിലുള്ള ആഴങ്ങളെ നാം സ്പർശിക്കുകയില്ല. ഉപരിപ്ലവമായ ഭാവങ്ങൾ മറ്റുള്ളവരുടെ ആഴങ്ങളെ സ്പർശിക്കുകയില്ല.

ആഴമുള്ള വേരുകൾ

വചനം പ്രസംഗിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതിലുള്ള ഒരു തത്ത്വം വിതയ്ക്കുന്നവനെ സംബന്ധിച്ച കർത്താവിന്റെ ഉപമയിൽ കാണാം. വിതയ്ക്കുന്നവൻ വിതച്ചപ്പോൾ, ചില വിത്തുകൾ വഴിയരികെയും ചിലത് പാറസ്ഥലത്തും ചിലത് മുള്ളുകൾക്കിടയിലും, ചിലത് നല്ല മണ്ണിലും വീണു. മനുഷ്യൻ വചനം സ്വീകരിക്കുന്നതായ നാല് വിധത്തെ ഇത് കാണിക്കുന്നു. ഈ നാല് വ്യത്യസ്ത സാഹചര്യങ്ങളിൽ ഒന്ന് പാറസ്ഥലം

ആണെന്ന് കർത്താവ് നമ്മോടു പറയുന്നു. മുകൾപ്പരപ്പിൽ അല്പം മണ്ണുണ്ട്, എന്നാൽ അതിന് കീഴെ പാറകളാണ്. ഇങ്ങനെയുള്ള നിലത്ത് വിത്ത് വീഴുമ്പോൾ, അത് പെട്ടെന്ന് മുളയ്ക്കുന്നു; എന്നാൽ സൂര്യൻ ഉദിക്കുമ്പോൾ വേരില്ലാത്തതുകൊണ്ട് അത് ഉണങ്ങിപ്പോകുന്നു.

എന്താണ് വേര്? അത് മണ്ണിനടിയിൽ ഉണ്ടാകുന്ന വളർച്ചയാണ്. എന്താണ് ഇലകൾ? അവ മണ്ണിനു മുകളിൽ ഉണ്ടാകുന്ന വളർച്ചയാണ്. അതായത്, വേരുകൾ മറഞ്ഞിരിക്കുന്ന ജീവിതവും ഇലകൾ വെളിപ്പെട്ട ജീവിതവുമാണ്. പല ക്രിസ്ത്യാനികളെയും സംബന്ധിച്ച കുഴപ്പം വളരെ വെളിപ്പെട്ട ജീവിതം ഉണ്ടെങ്കിലും, രഹസ്യ ജീവിതം വളരെ അല്പമേയുള്ളൂ. അതായത്, മറഞ്ഞിരിക്കുന്ന ജീവിതത്തിന്റെ കുറവുണ്ട്. നിങ്ങൾ പല വർഷങ്ങളായി ഒരു ക്രിസ്ത്യാനി ആയിരിക്കാം, അങ്ങനെയല്ലേ? എങ്കിൽ ഞാൻ ചോദിക്കട്ടെ: എത്രമാത്രം നിങ്ങളുടെ ജീവിതം കാഴ്ചയ്ക്ക് മറഞ്ഞിരിക്കുന്നു? എത്രമാത്രം മറ്റുള്ളവർക്ക് അറിയാം? പുറമേയുള്ള വേലകൾക്ക് നിങ്ങൾ ഊന്നൽകൊടുക്കുന്നു. അതേ, സത്പ്രവൃത്തികൾ പ്രധാനമാണ്; എന്നാൽ നിങ്ങളുടെ ജീവിതത്തിൽ വെളിവാക്കുന്ന ആവിഷ്കാരത്തിനു പുറമേ, നിങ്ങളുടെ ജീവിതത്തിൽ മറഞ്ഞിരിക്കുന്നത് എത്രമാത്രമാണ്? നിങ്ങളുടെ ആത്മീയ ജീവിതം മുഴുവൻ വെളിവാക്കിയാൽ നിങ്ങൾക്ക് യാതൊരുവേരും ഇല്ല. ദൈവമുമ്പാകെയുള്ള നിങ്ങളുടെ എല്ലാ നന്മകളും മനുഷ്യമുമ്പാകെ വെളിപ്പെട്ടിട്ടുണ്ടോ? അല്ലെങ്കിൽ മനുഷ്യന് അജ്ഞാതമായ വേറെ എന്തെങ്കിലും ഉണ്ടോ? നിങ്ങളുടെ അനുഭവങ്ങളെല്ലാം വെളിപ്പെട്ടാൽ, നിങ്ങളുടെ വളർച്ചയെല്ലാം മുകളിലേക്കാണ്, താഴേക്കുള്ള വളർച്ചയില്ല. കാര്യം ഇങ്ങനെയാണെങ്കിൽ, നിങ്ങൾ വേരില്ലാത്ത ഇലകൾ മാത്രമുള്ള ഒരു മനുഷ്യനാണ്; നിങ്ങൾ ആഴമില്ലാത്ത മണ്ണിലാണ്.

നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ ക്രിസ്തുവിന്റെ ശരീരത്തിന്റെ അർത്ഥം എന്തെന്ന് നാം പഠിക്കേണ്ടത് ആവശ്യമാണ്; ശരീരജീവിതം ഉണ്ടായിരിക്കുവാൻ നാം പഠിക്കണം. ഒരു വശത്ത്, കർത്താവ് തന്റെ ശരീരത്തിലെ ഓരോ അവയവത്തിനും നല്കിയിരിക്കുന്ന ജീവൻ വ്യക്തമായും വ്യക്തിഗതമാണെന്ന് നാം പഠിക്കണം. അവൻ വ്യക്തിപരമായി നിങ്ങൾക്ക് നല്കിയിരിക്കുന്ന അളവ് കാത്തുസൂക്ഷിക്കണം; അല്ലെങ്കിൽ അതിന്റെ പ്രത്യേക സവിശേഷത അത് നഷ്ടപ്പെടുത്തുകയും ദൈവത്തിന് പ്രത്യേക ഉപയോഗമില്ലാത്തതായിത്തീരുകയും ചെയ്യും. നിങ്ങളെ പ്രത്യേകമായി ഭരമേല്പിച്ചിരിക്കുന്നത് വെളിവാക്കിയാൽ അത് ഉണങ്ങിപ്പോകും.

പർവ്വതത്തിൽവച്ചുള്ള കർത്താവായ യേശുവിന്റെ ഭാഷണം ഏറ്റവും ശ്രദ്ധേയമായിരുന്നു.“നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു. മലമേൽ ഇരിക്കുന്ന പട്ടണത്തിന് മറഞ്ഞിരിക്കുവാൻ കഴിയുകയില്ല” എന്ന് ഒരു വശത്ത് കർത്താവ് പറഞ്ഞു (മത്താ. 5:14). അത് പരസ്യമായതാണ്. “നീയോ ഭിക്ഷ കൊടുക്കുമ്പോൾ

നിന്റെ വലങ്കൈ ചെയ്യുന്നത് എന്തെന്ന് നിന്റെ ഇടങ്കൈ അറിയരുത്. അങ്ങനെ നിന്റെ ഭിക്ഷ രഹസ്യത്തിലായിരിക്കും... നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്ന് വാതിൽ അടച്ച് രഹസ്യത്തിൽ നിങ്ങളുടെ പിതാവിനോട് പ്രാർത്ഥിക്കുക" എന്നും അവൻ പറഞ്ഞു (മത്താ. 6:3-4,6). ഒരു വശത്ത്, നിങ്ങൾ വന്ന് പരസ്യമായി ഏറ്റുപറയണം; മറുവശത്ത്, പരസ്യമായ കാഴ്ചയിൽനിന്ന് നാം പരിരക്ഷിക്കേണ്ടതായ ക്രിസ്തീയ നന്മകൾ ഉണ്ട്. തന്റെ എല്ലാ നന്മകളും മനുഷ്യരുടെ മുമ്പാകെ പ്രദർശിപ്പിക്കുകയും തന്റെ ഉണ്മയുടെ ആഴത്തിൽ ഒന്നും ഇല്ലാത്തവനുമായ ഒരു ക്രിസ്ത്യാനിക്ക് ഒരു വേരും ഇല്ല; പരിശോധനയുടെയും പരീക്ഷയുടെയും ദിനത്തിൽ അവൻ നിലനില്ക്കുകയില്ല.

നാം കർത്താവിന്റെ മക്കൾ ആയിട്ട് അനേക വർഷങ്ങളായിരിക്കുന്നു. നമ്മുടെ അനുഭവങ്ങൾ പരസ്യമായ കാഴ്ചയിൽനിന്ന് എത്രമാത്രം മറഞ്ഞി രിക്കുന്നുവെന്ന് കാണുവാൻ കർത്താവ് നമ്മുടെ കണ്ണുകളെ തുറക്കട്ടെ. മനുഷ്യൻ അറിയുന്നത് എടുത്തുകളഞ്ഞാൽ അവശേഷിക്കുന്നത് എത്രമാത്രം? നമുക്ക് താഴേക്ക് വേരോടിക്കുവാൻ കഴിയത്തക്കവണ്ണം ദൈവം നമ്മിൽ പ്രവർത്തിക്കുമാറാകട്ടെ.

ആഴമുള്ള അനുഭവങ്ങൾ

"പ്രശംസിക്കുന്നതിൽ പ്രയോജനമില്ലെങ്കിലും അത് ആവശ്യമായി രിക്കുന്നു" എന്ന് (2കൊരി.12:1) കൊരിന്ത്യർക്കെഴുതുമ്പോൾ പൗലൊസ് പറഞ്ഞു. "അത് പ്രയോജനമുള്ളതല്ല" (ഗ്രീക്ക്) എന്ന് അവൻ സമ്മതിച്ചു. അവൻ 2 കൊരിന്ത്യർ 12-ൽ എഴുതിയത് അവന്റെ പ്രയോജനത്തിനല്ലായിരുന്നു. എന്നാൽ മറ്റുള്ള വർക്കുവേണ്ടി അവന് അത് എഴുതേണ്ടതായി വന്നു. "കർത്താവിന്റെ ദർശനങ്ങളെയും വെളിപ്പാടുകളെയും കുറിച്ച്" പറയുവാൻ അവൻ കടപ്പെട്ടിരുന്നു. സഹോദരീ സഹോദരന്മാരേ, ഇതായിരിക്കണം നമ്മുടെയും മനോഭാവം. നമ്മിൽ അനേകർക്കും ദർശനങ്ങളുടെയും വെളിപ്പാടുകളുടെയും പരിശോധന നേരിടുവാൻ കഴിയുകയില്ല; നമുക്ക് അല്പം അനുഭവം ഉണ്ടാകുമ്പോൾതന്നെ നാം കാഹളം മുഴക്കുകയും എല്ലാവരും അത് അറിയുകയും ചെയ്യുന്നു. കർത്താവിന്റെ ദർശനങ്ങളെയും വെളിപ്പാടുകളെയും കുറിച്ച് പറയുന്നത് തനിക്കു പ്രയോജനകരമല്ല എന്ന് പൗലൊസ് അറിഞ്ഞു. പിന്നെ എന്തുകൊണ്ട് അവൻ അതിനെക്കുറിച്ച് പറഞ്ഞു? തന്റെ അപ്പൊസ്തലത്വത്തെക്കുറിച്ച് ചിലർ സംശയിച്ചതുകൊണ്ട് അങ്ങനെ ചെയ്യുവാൻ അവൻ നിർബന്ധിതനായി; ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനത്തെ സംബന്ധിച്ച് പ്രശ്നങ്ങളും ഉണ്ടായിരുന്നു.

പൗലൊസ് തന്റെ വെളിപ്പാടുകൾ പരസ്യമാക്കിയോ? ഇല്ലേയില്ല. "ക്രിസ്തുവിൽ ഒരു മനുഷ്യനെ ഞാൻ അറിയുന്നു [അത് അവൻ തന്നെയാണ്]; അവൻ പതിനാല് സംവത്സരത്തിന് മുമ്പ് മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു. (ശരീരത്തോടെയോ ശരീരം

കൂടാതെയോ എന്ന് ഞാൻ അറിയുന്നില്ല)" (വാ. 2). പതിനാല് വർഷം കഴിയുന്നതുവരെ ഈ അനുഭവം അവൻ പുറത്തു പറഞ്ഞില്ല. പൗലൊസ് എത്ര ആഴമുള്ളവനായിരുന്നു! കർത്താവിൽനിന്ന് നാം പ്രാപിച്ച ഒരു കാര്യം ഏഴ് വർഷത്തേക്കു മറച്ചുവയ്ക്കുവാൻ നമുക്ക് കഴിഞ്ഞിരുന്നെങ്കിൽ അത് ഒരു അത്ഭുതം ആയിരിക്കും. എന്നാൽ പതിനാല് വർഷത്തോളം പൗലൊസ് തന്റെ അനുഭവം ഒരിക്കലും പുറത്തുപറഞ്ഞില്ല; പതിനാല് വർഷത്തോളം അപ്പൊസ്തലന്മാരിൽ ആരും ഇതിനെക്കുറിച്ച് കേട്ടില്ല. പൗലൊസിന്റെ വേരുകൾ മണ്ണിനടിയിൽ ആഴത്തിലായിരുന്നു. "പൗലൊസേ, പതിനാല് സംവത്സരം മുമ്പ് നിനക്കുണ്ടായ അനുഭവത്തെക്കുറിച്ച് എല്ലാം ഞങ്ങൾ കേൾക്കട്ടെ. മൂന്നാം സ്വർഗ്ഗത്തിലെ നിന്റെ അനുഭവത്തെക്കുറിച്ച് ഞങ്ങളോട് പറയുക. കാര്യമെല്ലാം അറിയുന്നത് ഞങ്ങൾക്ക് എറ്റവും സഹായകം ആയിരിക്കും" എന്ന് പറയുവാൻ ചിലർക്ക് പ്രേരണ ഉണ്ടായിരിക്കും. എന്നാൽ "അപ്രകാരമുള്ള ഒരു മനുഷ്യനെ ഞാൻ അറിയുന്നു (ശരീരത്തോടയോ ശരീരം കൂടാതെയോ എന്ന് ഞാൻ അറിയുന്നില്ല; ദൈവം അറിയുന്നു), അവൻ മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെടുകയും മനുഷ്യന് ഉച്ചരിക്കുവാൻ പാടില്ലാത്തതും പറഞ്ഞുകൂടാത്തതുമായ വാക്കുകൾ അവൻ കേൾക്കുകയും ചെയ്തു" (വാ. 3-4) എന്ന് അവൻ പറഞ്ഞു. ഈ ദിവസം വരെ പൗലൊസിന്റെ ഈ അനുഭവം പിഴുതുകളഞ്ഞിട്ടില്ല; ഇപ്പോഴും ആ അനുഭവത്തെക്കുറിച്ച് ആർക്കും അറിവില്ല.

സഹോദരീസഹോദരന്മാരേ, വേരിനെ സംബന്ധിച്ച ഈ കാര്യം അത്യന്തം പ്രധാനമാണ്. പൗലൊസിന്റെ വേല നിങ്ങൾക്ക് വേണമെങ്കിൽ, പൗലൊസിന്റെ "വേര്" നിങ്ങൾക്ക് ഉണ്ടായിരിക്കണം; പൗലൊസിന്റെ പുറമേയുള്ള സ്വഭാവം നിങ്ങൾക്ക് ഉണ്ടായിരിക്കണമെങ്കിൽ, പൗലൊസിന്റെ ആന്തരിക ജീവൻ നിങ്ങൾക്ക് ഉണ്ടായിരിക്കണം; പൗലൊസിന്റെ വെളിപ്പെട്ട ശക്തി നിങ്ങൾക്ക് ഉണ്ടായിരിക്കണമെങ്കിൽ, പൗലൊസിന്റെ രഹസ്യ അനുഭവം നിങ്ങൾക്ക് ഉണ്ടായിരിക്കണം. ഇന്ന് അനേകം ക്രിസ്ത്യാനികൾക്കുള്ള കുഴപ്പം യാതൊരു ആത്മീയ കാര്യമോ യാതൊരു പ്രത്യേക അനുഭവമോ പുറത്തുപറയാതിരിക്കുവാൻ അവർക്ക് കഴിയുകയില്ല എന്നതാണ്. അവർക്ക് അല്പം അനുഭവം ലഭിക്കുമ്പോൾതന്നെ, അവർക്ക് അത് വിളിച്ചുപറയണം. അവർ മനുഷ്യരുടെ മുമ്പാകെ തങ്ങളുടെ ജീവിതം ചെലവഴിക്കുന്നു; അവരുടെ ഉള്ളിൽ ഒന്നും മറഞ്ഞിരിക്കുന്നില്ല. അവർക്ക് യാതൊരു വേരും ഇല്ല. പൗലൊസിന്റെ അനുഭവം ദൈവം നമ്മെ കാണിക്കുമാറാകട്ടെ! ആഴം ഉണ്ടായിരിക്കുവാനായി അവൻ നമ്മെ നടത്തുമാറാകട്ടെ!

ഉപരിപ്ലവമായ ജീവിതം

ഹിസ്കിയാവിന്റെ രോഗത്തെയും രോഗ സൗഖ്യത്തെയും കുറിച്ചുള്ള വാർത്ത ബാബിലോന്യ രാജധാനിയിൽ എത്തിയപ്പോൾ, ഹിസ്കിയാവിന് എഴുത്തുകളും ഒരു സമ്മാനവുമായി ദൂതന്മാരെ അയച്ചുവെന്ന് യെശയ്യാവ് 39-ൽ നമ്മോട് പറഞ്ഞിരിക്കുന്നു.

ഹിസ്കിയാവ് ദൈവത്തിന്റെ കൃപ സ്വീകരിച്ചവനായിരുന്നു; എന്നാൽ കൃപയുടെ ശോധനയെ നേരിടുവാൻ അവന് കഴിഞ്ഞില്ല. "ഹിസ്കിയാവ് അവരെക്കുറിച്ച് സന്തോഷിച്ചു തന്റെ ഭണ്ഡാര ഗൃഹവും പൊന്നും വെള്ളിയും സുഗന്ധ വർഗ്ഗവും പരിമളതൈലവും ആയുധശാല ഒക്കെയും തന്റെ ഭണ്ഡാരത്തിലുള്ള സകലവും അവരെ കാണിച്ചു"(വാ.2) എന്ന് ദൈവത്തിന്റെ വചനം പറയുന്നു. എല്ലാം കാണിക്കുവാനുള്ള പരീക്ഷയെ ജയിക്കുവാൻ ഹിസ്കിയാവിനു കഴിഞ്ഞില്ല. തന്റെ രോഗത്തിൽനിന്ന് അത്ഭുത കരമായ സൗഖ്യം പ്രാപിച്ചിട്ട് അധികനാൾ ആയിട്ടില്ലായിരുന്നു. തന്റെ പ്രാധാന്യത്തെക്കുറിച്ച് അവൻ ബോധവാനാകുകയും, തന്നെപ്പോലെ ഇപ്രകാരമുള്ള പ്രത്യേകമായ അനുഭവം ലോകത്തിൽ ചുരുക്കം പേർക്കേ ഉണ്ടായിട്ടുള്ളൂ എന്ന് അവന് തോന്നുകയും ചെയ്തു എന്നതിന് സംശയമില്ല. എങ്ങനെയായാലും, തങ്ങളുടെ രോഗസൗഖ്യസമയത്ത് ആഹാബിന്റെ ഘടികാരത്തിലെ നിഴൽ പത്തുപടി പുറകോട്ടുപോയി എന്നതുപോലെയുള്ള അത്ഭുതകര മായ അടയാളം (യെശ.38:8) എത്രപേർക്ക് ലഭിച്ചിട്ടുണ്ട്? അവൻ തന്റെ സന്തോഷത്തിൽ അവന്റെ ഭണ്ഡാരങ്ങളെല്ലാം തുറന്നു കാണിച്ചു. ഇതിന്റെ അർത്ഥം ക്രൂശിന്റെ അനുഭവത്തിലൂടെ അവൻ കടന്നുപോയിട്ടില്ലായിരുന്നു എന്നാണ്. അവന്റെ സ്വാഭാവിക ജീവനോട് ഇടപെട്ടിട്ടില്ലായിരുന്നു. അവന്റെ വേരുകളെല്ലാം പുറമേ വെളിവാക്കപ്പെട്ടു. ഹിസ്കിയാവ് അറിഞ്ഞതും അവന് ഉണ്ടായിരുന്നതുമെല്ലാം ബാബിലോണ്യർക്ക് അറിയാമായിരുന്നു. അവന്റെ വെളിവാക്കൽ നിമിത്തം യെശയ്യാവ് അവനോട് ഇങ്ങനെ പറഞ്ഞു. "സൈന്യങ്ങളുടെ യഹോവയുടെ വചനം കേട്ടുകൊൾക: നിന്റെ രാജധാനിയിലുള്ളതൊക്കെയും നിന്റെ പിതാക്കന്മാർ ഇന്നുവരെ ശേഖരിച്ചുവച്ചിട്ടുള്ളതും ഒട്ടൊഴിയാതെ ബാബേലിലേക്ക് എടുത്തുകൊണ്ടുപോകുന്ന കാലം വരുന്നു" (39:5–6). മറ്റുള്ളവർക്ക് നാം പരസ്യപ്പെടുത്തുന്ന അളവ് ആയിരിക്കും നമ്മുടെ നഷ്ടത്തിന്റെയും അളവ്. മറ്റുള്ളവരുടെ മുമ്പാകെ നാം പ്രദർശിപ്പിക്കുന്ന നമ്മുടെ ജീവിതത്തിലെ അളവ് നാം നമ്മിൽത്തന്നെ ഉപേക്ഷിക്കുന്നതായ അളവായിരിക്കും. ഇത് ഗൗരവ മേറിയ ഒരു വിഷയമാണ്; ഇത് നമ്മുടെ ശ്രദ്ധ ആവശ്യപ്പെടുന്നു.

കഷ്ടം, അനേകർക്കും തങ്ങളുടെ അനുഭവങ്ങൾ വെളിപ്പെടുത്താതിരിക്കുവാൻ കഴിയുന്നില്ല! തങ്ങളുടെ ഹൃദയത്തിന്റെ ആനന്ദത്തിനുവേണ്ടി അവർക്ക് സംസാരിച്ചേ മതിയാവൂ. ഇത് തന്റെ ഭണ്ഡാരങ്ങൾ മറ്റുള്ളവർക്ക് തുറന്നുകൊടുത്ത ഹിസ്കിയാവിനെപ്പോലെയാണ്. "പല സഹോദര ന്മാരും രോഗികളായിത്തീരുന്നു. അവർ സുഖം പ്രാപിച്ചതിനു ശേഷം, തങ്ങളുടെ സാക്ഷ്യങ്ങൾ അവർ പറയുന്നു. "എനിക്ക് രോഗം വന്നുവെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു–മാരകമായതല്ല–ദൈവം എന്നെ സൗഖ്യമാക്കും; അപ്പോൾ അടുത്തുവരുന്ന സാക്ഷ്യ യോഗത്തിൽ എനിക്ക് പറയുവാൻ ഒരു കാര്യം ഉണ്ടായിരിക്കും" എന്ന് ഒരു സഹോദരൻ ഒരിക്കൽ പറഞ്ഞു. സൗഖ്യം

പ്രാപിക്കുന്നതിൽ ഈ സഹോദരന്റെ ലക്ഷ്യം, ഒരു സാക്ഷ്യം പറയുവാൻ കഴിയുക എന്നുള്ളതായിരുന്നു. സംസാരിക്കുവാൻ എന്തെങ്കിലും അനുഭവം ഉണ്ടാകണം എന്ന് അവൻ ആഗ്രഹിച്ചു. ഓ, ഉപരിപ്ലവമായ രീതിയിലുള്ള ഈ ജീവിതം നമുക്ക് വലിയ നഷ്ടം വരുത്തിവയ്ക്കുന്നു; അത് ആത്മീയ പുരോഗതിയുടെ സാധ്യത ഇല്ലാതാക്കുന്നു.

പ്രദർശിപ്പിക്കാതെ സാക്ഷ്യ പ്പെടുത്തുക.

അപ്പോൾ നാം സാക്ഷ്യം വഹിക്കാതിരിക്കണമോ.? അതേ, നാം സാക്ഷ്യം വഹിക്കണം. പൗലൊസ് അങ്ങനെ ചെയ്തു; തലമുറ തലമുറയായി ദൈവമക്കളിൽ അസംഖ്യം ആളുകളും അങ്ങനെ ചെയ്തിട്ടുണ്ട്; സാക്ഷ്യം വഹിക്കുന്നത് ഒരു കാര്യം; ഒരുവന്റെ അനുഭവത്തിൽ ആനന്ദിക്കുന്നത് തികച്ചും വേറൊരു കാര്യം. സാക്ഷ്യപ്പെടുത്തുന്നതിൽ നമ്മുടെ ലക്ഷ്യം എന്താണ്? മറ്റുള്ളവർക്ക് പ്രയോജനം ലഭിക്കണമോ, അതോ സംസാരിക്കുന്നതിന്റെ ആനന്ദം നമുക്കുണ്ടാകണമോ? ഒരുവന്റെ ശബ്ദം കേൾക്കുന്നതിന്റെ ആനന്ദവും, മറ്റുള്ളവർക്ക് സഹായകമായിരിക്കണം എന്ന ആഗ്രഹവും തീർത്തും വ്യത്യസ്ത കാര്യങ്ങളാണ്. ഒരു പ്രശ്നമുള്ളതുകൊണ്ട് നാം സാക്ഷ്യപ്പെടുത്തുന്നു; നമുക്ക് അതിനെക്കുറിച്ച് പറയേണ്ടതായുണ്ട്. ഒരു സാക്ഷ്യം ഭക്ഷണത്തിനു ശേഷമുള്ള സംഭാഷണമല്ല. പലപ്പോഴും നാം ഏഷണി പറയുമ്പോൾ, ആത്മീയ ഐശ്വര്യങ്ങൾ ചോർന്നു പോകുന്നു. കർത്താവു നടത്തുമ്പോൾ, മറ്റുള്ളവരെ സഹായിക്കുവാൻ നാം ആഗ്രഹിക്കുന്നതിനാൽ, നാം സാക്ഷ്യപ്പെടുത്തണം. പൗലൊസ് 2കൊരിന്ത്യർ 12-ൽ സാക്ഷ്യപ്പെടുത്തി; എന്നാൽ പതിനാലുവർഷം മുമ്പുതന്നെ അവൻ തന്റെ അനുഭവം ലാഘവത്തോടെ വെളിപ്പെടുത്തിയില്ല. അവൻ തന്റെ അനുഭവം പതിനാലു വർഷം മറച്ചുവച്ചു; അതാരും അറിഞ്ഞതുമില്ല. അവൻ അതിനെക്കുറിച്ച് സംസാരി ച്ചപ്പോഴും, അവൻ എല്ലാം വെളിപ്പെ ടുത്തിയില്ല. അനുഭവം മാത്രമേ അവൻ പറഞ്ഞുള്ളൂ; കഥ മുഴുവനും അവൻ പ്രസ്താവിച്ചില്ല. അവന് വെളിപ്പാട് ലഭിച്ചുവെന്നും പറയുവാൻ പാടില്ലാത്തത് കേട്ടുവെന്നും ഉള്ള വസ്തുത മാത്രമേ അവൻ പരാമർശിച്ചുള്ളൂ; അവൻ കേട്ടതായ വാക്കുകൾ അവൻ മറ്റുള്ളവരോട് പറഞ്ഞില്ല. ഇന്നും, മൂന്നാം സ്വർഗം ഒരു മർമമാണ്; അത് എങ്ങനെയായിരിക്കുന്നുവെന്ന് ഇപ്പോഴും നാം അറിയുന്നില്ല.

സഹോദരീസഹോദരന്മാരേ, എന്താണ് നമ്മുടെ നിക്ഷേപങ്ങൾ? എന്താണ് നമ്മുടെ പൊന്നും വെള്ളിയും സുഗന്ധവർഗ്ഗവും വിലയേറിയ തൈലങ്ങളും വിലയേറിയ കാര്യങ്ങളും? എന്താണ് നമ്മുടെ ആയുധശാല? പൊന്ന് ദൈവത്തിൽനിന്നുള്ളതെല്ലാം ആകുന്നുവെന്നും വെള്ളി ക്രൂശിന്റെ വീണ്ടെടുപ്പിനോട് ബന്ധപ്പെട്ടതെന്തും ആകുന്നുവെന്നും, നാം ഓർക്കണം. സുഗന്ധവർഗ്ഗം നമ്മുടെ മുറിവുകളുടെ ഫലങ്ങളും, വിലയേറിയകാര്യങ്ങൾ രാജ്യത്തോടു ബന്ധപ്പെട്ട കാര്യങ്ങളും,

ആയുധശാല നാം ദൈവത്തിൽനിന്നും കർത്താവിൽനിന്നും സ്വീകരിച്ചിട്ടുള്ളതായ കർത്താവിന്റെ വേലയുമാണ്. ഇവയൊന്നും ഉപദേശങ്ങളോ, വേദപുസ്തക പഠിപ്പിക്കലുകളോ, ദൈവശാസ്ത്രമോ അല്ല. ഇവ കർത്താവുമായുള്ള നമ്മുടെ കൂട്ടായ്മയിലൂടെ നാം സമ്പാദിച്ച കാര്യങ്ങളാണ്. നാം അവനോട് കൂട്ടായ്മ ആചരിക്കുകയും, അവനുമായി സംസർഗ്ഗം ചെയ്യുകയും, അവൻ നമ്മോട് ഇടപെടുകയും ചെയ്യുമ്പോൾ, പല കാര്യങ്ങൾ നാം സ്വീകരിക്കുന്നു. അവയെക്കുറിച്ച് അലസമായി സംസാരിക്കുന്നത് തെറ്റാണ്. ഇതിന്റെ അർത്ഥം നാം സാക്ഷ്യപ്പെടുത്തരുത് എന്നല്ല. അനേകം അനുഭവങ്ങൾ മറഞ്ഞിരിക്കണം എന്ന് നാം ഗ്രഹിക്കണം. സഹോദരീസഹോദരന്മാരേ, ക്രിസ്തീയ ജീവിതത്തിൽ ഇതൊരു സുപ്രധാനകാര്യമാണ്. അനേകം ആത്മീയ അനുഭവങ്ങൾ മറഞ്ഞിരിക്കുകയും വെളിവാക്കപ്പെടാതിരിക്കുകയും ചെയ്യണം.

കർത്താവായ യേശു ചിലപ്പോൾ സാക്ഷ്യം പറഞ്ഞു, എന്നാൽ അവൻ ഒരിക്കലും വാചാലനല്ലായിരുന്നു. സാക്ഷ്യം നല്കുക എന്നത് ഒരു കാര്യവും വാചാലനായിരിക്കുക എന്നത് വേറൊരു കാര്യവും ആണ്. കർത്താവ് രോഗികളെ സൗഖ്യമാക്കുകയും സൗഖ്യമാക്കിയ കഥ രഹസ്യമാക്കി വയ്ക്കുവാൻ നിർബന്ധിക്കുകയും ചെയ്തു. മർക്കൊസിന്റെ സുവിശേഷത്തിൽ ഈ കല്പന പലതവണ ആവർത്തിച്ചിരിക്കുന്നു. "നിന്റെ വീട്ടിൽ നിനക്കുള്ളവരുടെ അടുക്കൽ ചെന്ന് കർത്താവു നിനക്കു ചെയ്തതൊക്കെയും നിന്നോടു കരുണകാണിച്ചതും പ്രസ്താവിക്കുക" എന്ന് കർത്താവ് ഒരിക്കൽ ഒരു വ്യക്തിയോട് പറഞ്ഞു (മർക്കൊ. 5:19). കർത്താവ് നമുക്കുവേണ്ടി ചെയ്തിരിക്കുന്ന വലിയ കാര്യങ്ങളെക്കുറിച്ച് നാം സംസാരിച്ചേക്കാം, എന്നാൽ വാർത്തകളായി നാം ഈ കാര്യങ്ങൾ പരസ്യപ്പെടുത്തരുത്; ഇത് യാതൊരു വേരും ഇല്ലാത്തവരായി നമ്മെത്തന്നെ തുറന്നു കാണിക്കുകയേയുള്ളൂ. വേരില്ലാതിരിക്കുക എന്നാൽ യാതൊരു നിക്ഷേപവും ഇല്ലാതിരിക്കുക എന്നാണ്; അത് മറഞ്ഞിരിക്കുന്ന ജീവിതമോ, മറഞ്ഞിരിക്കുന്ന അനുഭവങ്ങളോ, ഇല്ലാതിരിക്കുകയാണ്. നമ്മുടെ അനുഭവങ്ങളിൽ ചിലത് മറയ്ക്കപ്പെട്ടിരിക്കണം എന്നത് വളരെ പ്രധാനമാണ്; എല്ലാം തുറന്നു കാണിക്കുക എന്നാൽ എല്ലാം നഷ്ടപ്പെടുത്തുക എന്നാണ്.

നമ്മുടെ നിക്ഷേപമെല്ലാം പ്രദർശിപ്പിച്ചാൽ പ്രവാസം ഒഴിവാക്കുവാൻ കഴിയുകയില്ല എന്നും നാം ഓർക്കണം. മരണവും തുറന്നുകാണിക്കലും ഒരുമിച്ചു പോകുന്നു കൂടാതെ, ആത്മീയ വരൾച്ചയും വെളിവാക്കലും ഒരുമിച്ചുപോകുന്നു.നമുക്ക് ഒരു സാക്ഷ്യം പറയേണ്ടിവന്നാലും "പ്രയോജനമില്ലെങ്കിലും ആവശ്യമായിരിക്കുന്നു" എന്ന് പ്രശംസിച്ചുപറഞ്ഞ പൗലൊസിനെപ്പോലെ ആയിരിക്കണം നാം (2കൊരി.12:1). പലപ്പോഴും സാത്താന്റെ ആക്രമണം വരുന്നത് ഒരു മനുഷ്യൻ തുറന്നുകാണിക്കപ്പെടുമ്പോഴാണ്. ഏതു വിധത്തിലുള്ള തുറന്നുകാണിക്കലും നഷ്ടത്തിന് വഴിതുറക്കുന്നു. അനേകർ തങ്ങളുടെ രോഗങ്ങളിൽ നിന്ന് സൗഖ്യം പ്രാപിക്കുന്നു; ദൈവ മഹത്വത്തിനായി അവർ സാക്ഷ്യം പറയുന്നു.

അതിന്റെ ഫലമായി, രോഗം മടങ്ങിവരുന്നു. ഇവർ തങ്ങളുടെ സാക്ഷ്യം ഒരിക്കൽ പറഞ്ഞതിനുശേഷം, അതേ കാര്യം അവരെ വീണ്ടും ആക്രമിക്കുന്നു. തങ്ങളുടെ വേരുകൾ മറയ്ക്കുന്നവരെ ദൈവം മറയ്ക്കുന്നുവെന്നും, തങ്ങളുടെ വേരുകളെ തുറന്നു കാട്ടുന്നവരെ ദൈവം സംരക്ഷിക്കുന്നില്ലെന്നും, ഇത് കാണിക്കുന്നു; അവർ ആക്രമണത്തിന് ഇരയാകും. നാം സാക്ഷ്യപ്പെടുത്തണമെന്ന് ദൈവം ആഗ്രഹിക്കുന്നുവെങ്കിൽ, നാം അങ്ങനെ തന്നെ ചെയ്യണം. എന്നാൽ മറഞ്ഞിരിക്കേണ്ടതായ അനേക കാര്യങ്ങൾ ഉണ്ട്. ദൈവമുമ്പാകെ മറച്ചു വയ്ക്കുന്നത് ദൈവം സംരക്ഷിക്കുകയും നാം അത് ആസ്വദിക്കുകയും ചെയ്യുന്നു.

ഇത് നമ്മുടെ വേലയ്ക്കും ബാധകമാണ്. ദൈവത്തിന്റെ കൃപയാലും കരുണയാലും നമ്മിലൂടെ അവൻ ചിലത് സാധിച്ചിട്ടുണ്ട്, എന്നാൽ അവൻ സാധിച്ചിട്ടുള്ളത് പരസ്യപ്പെടുത്തലിനുള്ള വിഷയമോ, പ്രചാരണത്തിനുള്ള വസ്തുതയോ അല്ല, എന്ന് നാം ഓർക്കണം. ദൈവത്തിന്റെ വേല നാം തുറന്നുകാട്ടിയാൽ, അതിന്മേൽ പെട്ടെന്ന് മരണത്തിന്റെ സ്പർശനം വരുന്നെന്ന് നാം കണ്ടെത്തും; നാം നമ്മെത്തന്നെ തുറന്നുകാട്ടുന്നിടത്തോളമായിരിക്കും നഷ്ടവും. യിസ്രായേൽമക്കളെ ദാവീദ് എണ്ണിക്കഴിഞ്ഞപ്പോൾ തന്നെ മരണം ആരംഭിച്ചു (2ശമു.24). ഇപ്രകാരമുള്ള തുറന്നുകാട്ടലിൽനിന്ന് ദൈവം നമ്മെ വിടുവിക്കുമാറാകട്ടെ.

കർത്താവുമായി നമുക്ക് എന്തെല്ലാം രഹസ്യങ്ങളുണ്ടോ അവയെല്ലാം സംരക്ഷിക്കപ്പെടണം. നമ്മുടെ ഉള്ളിലുള്ള ദൈവത്തിന്റെ നിർദ്ദേശപ്രകാരം മാത്രമേ നമുക്ക് നീങ്ങുവാൻ കഴിയൂ. ഒരു കാര്യം വെളിപ്പെടുത്തുവാൻ അവൻ നമ്മുടെ ഉള്ളിൽ നീങ്ങുന്നുവെങ്കിൽ മാത്രമേ, അത് വെളിപ്പെടുത്തുവാൻ നാം ധൈര്യപ്പെടുകയുള്ളൂ. ഒരു സഹോദരനുമായി ചില അനുഭവം നാം പങ്കുവയ്ക്കുവാൻ അവൻ ആഗ്രഹിക്കുന്നുവെങ്കിൽ, അത് പിടിച്ചുവയ്ക്കുവാൻ നാം ധൈര്യപ്പെടരുത്, കാരണം അത് ക്രിസ്തുവിന്റെ ശരീരത്തിന്റെ അംഗങ്ങളുടെ നിയമത്തെ ലംഘിക്കുന്നതായിരിക്കും. ക്രിസ്തുവിന്റെ ശരീരത്തിലെ അംഗങ്ങളുടെ ഒരു നിയമം കൂട്ടായ്മയാണ്. ഈ പ്രമാണത്തെ അമർത്തിയാൽ ഒഴുക്ക് നിന്നുപോകുന്നു. നാം പ്രതിലോമമനോഭാവമല്ല, അനുലോമ മനോഭാവം ഉള്ളവരായിരിക്കുകയും, മറ്റുള്ളവർക്ക് ജീവൻ ശുശ്രൂഷിക്കുകയും ചെയ്യണം. നാം ദിവസം മുഴുവനും നമ്മിലും സ്വന്തം കാര്യങ്ങളിലും മുഴുകിയിരുന്നാൽ, ഈ വാചാലതയും ഈ തുറന്നുകാട്ടലും ശത്രുവിൽ നിന്നുള്ള ആക്രമണത്തിന് നമ്മെ ഇരയാക്കുന്നു. ക്രിസ്തുവിന്റെ ശരീരം എന്താണെന്നും അവയവങ്ങളുടെ ഇടയിൽ ജീവന്റെ ഒഴുക്ക് എന്താണെന്നും നാം പഠിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. കർത്താവിന്റെ മുമ്പാകെയുള്ള നമ്മുടെ മറഞ്ഞിരിക്കുന്ന ഭാഗം, മറ്റുള്ളവർക്ക് അറിവില്ലാത്തതായ അനുഭവങ്ങൾ നാം കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യം നാം പഠിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. യാതൊരു വേരും തുറന്നുവയ്ക്കരുത്.

ആഴം ആഴത്തിനായി വിളിക്കുന്നു

നാം ഏറെ ആഴത്തിലേക്ക് സ്വയം പോകുകയും. താഴോട്ട് വേര് ഇറക്കുകയും ചെയ്യുമ്പോൾ, “ആഴം ആഴത്തിനായി വിളിക്കുന്നു” എന്ന് നാം കണ്ടെത്തും. നമ്മുടെ അകമേയുള്ള ജീവന്റെ ആഴങ്ങളിൽനിന്ന് ഐശ്വര്യങ്ങൾ ഉളവാക്കുവാൻ നമുക്ക് കഴിയുമ്പോൾ, നമ്മുടെ ജീവൻ ആഴമായി സ്പർശിക്കപ്പെടും എന്നു നാം കണ്ടെത്തും. അകമേയുള്ള നമ്മുടെ ജീവൻ സ്പർശിക്കപ്പെടുന്ന സമയത്തുതന്നെ, മറ്റുള്ളവർ സഹായവും പ്രകാശനവും പ്രാപിക്കും. തങ്ങളുടെ അറിവിന് അപ്പുറമായി ഒന്നുണ്ടെന്ന് അവർ അറിയും. ആഴം ആഴത്തെ സ്പർശിക്കുമ്പോൾ, ആഴം ആഴത്തോട് പ്രതികരിക്കും. നമ്മുടെ ജീവിതത്തിന് ആഴമില്ലെങ്കിൽ, ഉപരിപ്ലവമായ നമ്മുടെ വേല മറ്റുള്ള ജീവനെ ഉപരിപ്ലവമായി മാത്രമേ ബാധിക്കുകയുള്ളൂ. കേവലം “ആഴം ആഴത്തിനായി വിളിക്കുന്നു” എന്ന് ഞങ്ങൾ ആവർത്തിക്കുന്നു.

കർത്താവിന്റെ രണ്ടു ദാസന്മാരെ സംബന്ധിച്ച്

എൺപതിലധികം വർഷമായി ഭൂമിയിലെ എല്ലാ ഭൂഖണ്ഡങ്ങളിലും വാച്മാൻ നീ (Watchman Nee) യുടെയും അദ്ദേഹത്തിന്റെ സഹപ്രവർത്തകനായ വിറ്റ്നസ് ലീ (Witness Lee) യുടെയും ശുശ്രൂഷ കർത്താവിന്റെ മക്കൾക്ക് ഒരു അനുഗ്രഹം ആയിരുന്നിട്ടുള്ളതുകൊണ്ട് ഞങ്ങൾ കർത്താവിനെ സ്തുതിക്കുന്നു. അവരുടെ എഴുത്തുകൾ അനേക ഭാഷകളിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. വാച്മാൻ നീയെയും വിറ്റ്നസ് ലീയെയും കുറിച്ച് ഞങ്ങളുടെ വായനക്കാർ അനേകം ചോദ്യങ്ങൾ ചോദിച്ചിട്ടുണ്ട്. അവരുടെ ചോദ്യങ്ങൾക്കുള്ള മറുപടിയായി ഈ രണ്ടു സഹോദരന്മാരുടെ ജീവിതത്തിന്റെയും വേലയുടെയും സംക്ഷിപ്തമായ ഒരു രേഖാരൂപം ഞങ്ങൾ നല്കുന്നു.

വാച്മാൻ നീ (Watchman Nee)

പതിനേഴാമത്തെ വയസ്സിൽ വാച്ച്മാൻനീ ക്രിസ്തുവിനെ സ്വീകരിച്ചു. ലോകത്തിൽ എല്ലായിടത്തുമുള്ള അന്വേഷകരായ വിശ്വാസികളുടെ ഇടയിൽ അദ്ദേഹത്തിന്റെ ശുശ്രൂഷ നല്ലവണ്ണം അറിയപ്പെടുന്നു. ആത്മീയ ജീവിതത്തെയും, ക്രിസ്തുവും അവന്റെ വിശ്വാസികളും തമ്മിലുള്ള ബന്ധത്തെയും സംബന്ധിച്ച്, അദ്ദേഹത്തിന്റെ എഴുത്തുകളിൽ നിന്ന് അനേകർക്ക് സഹായം ലഭിച്ചിട്ടുണ്ട്. എന്നിരുന്നാലും, സഭാജീവിതത്തിന്റെ അനുഷ്ഠാനവും ക്രിസ്തുവിന്റെ ശരീരത്തിന്റെ കെട്ടുപണിയും തറപ്പിച്ചുപറയുന്നതായ അദ്ദേഹത്തിന്റെ ശുശ്രൂഷയുടെ വേറൊരു സുപ്രധാനഭാവത്തെക്കുറിച്ച് പലർക്കും അറിവില്ല. സഹോദരൻ നീ ക്രിസ്തീയ ജീവിതത്തെയും സഭാജീവിതത്തെയും സംബന്ധിച്ച് അനേകം പുസ്തകങ്ങൾ എഴുതി. തന്റെ ജീവിതാന്ത്യംവരെ വാച്ച്മാൻ നീ ദൈവവചനത്തിലെ വെളിപ്പാടിന്റെ അനാച്ഛാദനത്തിനുവേണ്ടി കർത്താവ് നൽകിയതായ ഒരു വരം ആയിരുന്നു. ഇരുപതുവർഷം ചൈനാ വൻകരയിൽ കർത്താവിനുവേണ്ടി തടവറയിൽ കഷ്ടത അനുഭവിച്ചതിനുശേഷം 1972-ൽ യേശുക്രിസ്തുവിന്റെ ഒരു വിശ്വസ്ത സാക്ഷിയായി അദ്ദേഹം മരിച്ചു.

വിറ്റ്നസ് ലീ (Witness Lee)

വിറ്റ്നസ് ലീ ആയിരുന്നു വാച്മാൻ നീയോട് ഉറ്റ ബന്ധം പുലർത്തിയവനും ഏറ്റവും വിശ്വസ്തനുമായ സഹപ്രവർത്തകൻ. 1925-ൽ, അദ്ദേഹം പത്തൊമ്പതാം വയസ്സിൽ ശക്തമായ ആത്മീയ വീണ്ടും ജനനം അനുഭവമാക്കുകയും ജീവനുള്ള ദൈവത്തെ സേവിക്കുവാൻ സ്വയം സമർപ്പിക്കുകയും ചെയ്തു. ആ സമയം മുതൽ അദ്ദേഹം തീവ്രതയോടെ വേദപുസ്തകം പഠിക്കുവാൻ ആരംഭിച്ചു. അദ്ദേഹത്തിന്റെ ക്രിസ്തീയ ജീവിതത്തിന്റെ ആദ്യത്തെ ഏഴു വർഷക്കാലത്ത് പ്ലിമത്ത് ബ്രദറൺ (Plymouth Brethren) അദ്ദേഹത്തെ വളരെ സ്വാധീനിച്ചു. പിന്നീട് അദ്ദേഹം വാച്ച്മാൻ നീയെ കണ്ടുമുട്ടുകയും അടുത്ത പതിനേഴുവർഷം, 1949വരെ, ചൈനയിൽ സഹോദരൻ നീയുടെ സഹപ്രവർത്തകൻ ആയിരിക്കുകയും ചെയ്തു. രണ്ടാം ലോകമഹായുദ്ധകാലത്ത്, ചൈനയിൽ ജപ്പാൻ

ആധിപത്യം സ്ഥാപിച്ചപ്പോൾ, ജപ്പാൻകാർ അദ്ദേഹത്തെ തടവിലാക്കുകയും തന്റെ വിശ്വസ്തതയോടുള്ളകർത്തൃസേവനനിമിത്തം കഷ്ടത അനുഭവിക്കുകയും ചെയ്തു. ഈ രണ്ടു ദൈവദാസന്മാരുടെ ശുശ്രൂഷയും വേലയും ചൈനയിലെ ക്രിസ്ത്യാനികളുടെ ഇടയിൽ ഒരു വലിയ ഉണർവ്വ് ഉണ്ടാകുവാൻ ഇടയാക്കി; ഇതിന്റെ ഫലമായി രാജ്യം മുഴുവൻ സുവിശേഷം വ്യാപിക്കുകയും നൂറുകണക്കിന് സഭകൾ സ്ഥാപിക്കപ്പെടുകയും ചെയ്തു.

1949-ൽ വാച്ച്മാൻ നീ ചൈനയിൽ കർത്താവിനെ സേവിച്ചുകൊണ്ടിരുന്ന തന്റെ എല്ലാ സഹപ്രവർത്തകരെയും വിളിച്ചുകൂട്ടുകയും, ചൈനാ വൻകരയ്ക്കു പുറത്ത് തായ്വാൻ ദ്വീപിൽ, ശുശ്രൂഷ തുടരുവാൻ അദ്ദേഹം വിറ്റ്നസ് ലീയെ ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്നുള്ള വർഷങ്ങളിൽ തായ്വാനിലും തെക്കുകിഴക്കെൻ ഏഷ്യയിലും ദൈവാനുഗ്രഹം നിമിത്തം നൂറിലധികം സഭകൾ സ്ഥാപിക്കപ്പെട്ടു.

ആയിരത്തിത്തൊള്ളായിരത്തി അറുപതുകളുടെ ആരംഭത്തിൽ ഐക്യനാടുകളിലേക്കു നീങ്ങുവാൻ വിറ്റ്നസ് ലീയെ കർത്താവ് നടത്തി; അവിടെ അദ്ദേഹം മുപ്പത്തഞ്ചുവർഷത്തിലധികം കർത്താവിന്റെ മക്കളുടെ പ്രയോജനത്തിനായി, ശുശ്രൂഷിക്കുകയും പ്രവർത്തിക്കുകയും ചെയ്തു. അദ്ദേഹം കാലിഫോർണിയയിലെ അനഹേം എന്ന നഗരത്തിൽ ആയിരത്തിത്തൊള്ളായിരത്തി എഴുപത്തിനാലു മുതൽ കർത്തൃസന്നിധിയിലേക്ക് എടുക്കപ്പെടുന്നതുവരെ ജീവിച്ചു. ഐക്യനാടുകളിലെ അദ്ദേഹത്തിന്റെ വേലയുടെ കാലത്ത് മുന്നൂറിലധികം പുസ്തകങ്ങൾ അദ്ദേഹം പ്രസിദ്ധീകരിച്ചു.

വിറ്റ്നസ് ലീയുടെ ശുശ്രൂഷ വിശേഷാൽ ക്രിസ്തുവിന്റെ അപ്രമേയമായ ധനത്തെ സംബന്ധിച്ച ആഴമേറിയ പരിജ്ഞാനവും അനുഭവവും ആഗ്രഹിക്കുന്ന അന്വേഷകരായ ക്രിസ്ത്യാനികൾക്ക് സഹായകരമാണ്. ആകമാന തിരുവെഴുത്തുകളിലുള്ള ദിവ്യ വെളിപ്പാട് തുറന്നുകൊടുത്തുകൊണ്ട്, സഹോദരൻ ലീയുടെ ശുശ്രൂഷ, എല്ലാം നിറയ്ക്കുന്നവന്റെ നിറവായ ക്രിസ്തുവിന്റെ ശരീരമായ സഭയുടെ കെട്ടുപണിക്കുവേണ്ടി ക്രിസ്തുവിനെ എങ്ങനെ അറിയണമെന്ന് നമുക്ക് വെളിപ്പെടുത്തിത്തരുന്നു. ശരീരം സ്നേഹത്തിൽ സ്വയം പണിയത്തക്കവണ്ണം ക്രിസ്തുവിന്റെ ശരീരത്തിന്റെ കെട്ടുപണിയുടെ ശുശ്രൂഷയിൽ എല്ലാ വിശ്വാസികളും പങ്കെടുക്കണം. ഈ കെട്ടുപണിയുടെ പൂർത്തീകരണത്തിനു മാത്രമേ കർത്താവിന്റെ നിർണ്ണയം നിറവേറ്റുവാനും അവന്റെ ഹൃദയത്തെ തൃപ്തിപ്പെടുത്തുവാനും കഴിയൂ.

ഈ രണ്ടു സഹോദരന്മാരുടെ ശുശ്രൂഷയുടെ പ്രധാന സവിശേഷത അവർ സത്യവേദപുസ്തകത്തിലെ നിർമ്മലമായ വചനം അനുസരിച്ച് പഠിപ്പിച്ചു എന്നതാണ്.

വാച്ച്മാൻനീയുടെയും വിറ്റ്നസ് ലീയുടെയും പ്രധാന വിശ്വാസസത്യങ്ങളുടെ സംക്ഷിപ്തമായ ഒരു വിവരണം താഴെ നൽകിയിരിക്കുന്നു:

1. വിശുദ്ധ വേദപുസ്തകം പദാനുപദം പരിശുദ്ധാത്മാവ് നിശ്വസിച്ചതായ, തെറ്റില്ലാത്തതും ദൈവനിശ്വസ്തവുമായ, സമ്പൂർണ്ണ ദിവ്യവെളിപ്പാടാണ്.

2. ദൈവം ഒരുവൻ മാത്രം ത്രിയേക ദൈവം–പിതാവും പുത്രനും പരിശുദ്ധാത്മാവും–ഒന്നായി സഹവസിക്കുകയും നിത്യതമുതൽ നിത്യതവരെ പരസ്പരം നിവസിക്കുകയും ചെയ്യുന്നു.

3. ദൈവത്തിന്റെ പുത്രൻ, ദൈവം തന്നെ നമ്മുടെ വീണ്ടെടുപ്പുകാരനും രക്ഷകനും ആകുവാൻ കന്യകയായ മറിയയിൽനിന്ന് ജനിച്ച, യേശു എന്ന പേരിൽ ജഡാവതാരം എടുത്ത ഒരു മനുഷ്യൻ ആയിരുന്നു.

4. പരമാർത്ഥ മനുഷ്യനായ യേശു പിതാവായ ദൈവത്തെ മനുഷ്യർക്ക് അറിയിക്കുവാനായി ഭൂമിയിൽ ജീവിച്ചു

5. ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്തവനായ യേശു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും നമ്മുടെ വീണ്ടെടുപ്പുസാധിക്കുവാനായി തന്റെ രക്തം ചൊരിയുകയും ചെയ്തു.

6. യേശുക്രിസ്തു അടക്കപ്പെട്ട് മൂന്നുദിവസം കഴിഞ്ഞതിനുശേഷം മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽക്കുകയും നാല്പതു ദിവസത്തിനുശേഷം സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്യുകയും ചെയ്തു; അവിടെ അവനെ ദൈവം സകലത്തിനും കർത്താവാക്കി.

7. ആരോഹണത്തിനുശേഷം, തിരഞ്ഞെടുക്കപ്പെട്ട തന്റെ അവയവങ്ങളെ ഏക ശരീരത്തിലേക്ക് സ്നാനപ്പെടുത്തുവാൻ ക്രിസ്തു ദൈവാത്മാവിനെ പകർന്നു. ഇന്ന് ഈ ആത്മാവ് പാപികൾക്ക് പാപബോധം വരുത്തുവാനും, ദിവ്യജീവൻ അവരിലേക്ക് പകർന്നുകൊണ്ട് തിരഞ്ഞെടുക്കപ്പെട്ട ദൈവജനത്തെ വീണ്ടും ജനിപ്പിക്കുവാനും, ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ ജീവനിലുള്ള വളർച്ചയ്ക്കുവേണ്ടി അവരിൽ വസിക്കുവാനും, അവന്റെ സമ്പൂർണ്ണമായ ആവിഷ്കാരത്തിനുവേണ്ടി ക്രിസ്തുവിന്റെ ശരീരം കെട്ടുപണി ചെയ്യുവാനുമായി, ഭൂമിയിൽ നീങ്ങുന്നു.

8. ഈ യുഗത്തിന്റെ അന്ത്യത്തിൽ തന്റെ വിശ്വാസികളെ എടുക്കുവാനും ലോകത്തെ ന്യായം വിധിക്കുവാനും ഭൂമിയെ അവകാശമാക്കുവാനും തന്റെ നിത്യരാജ്യം സ്ഥാപിക്കുവാനുമായി ക്രിസ്തു മടങ്ങിവരും

9. ജയാളിയായ വിശുദ്ധന്മാർ സഹസ്രാബ്ദത്തിൽ ക്രിസ്തുവിനോടുകൂടെ വാഴുകയും ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരും നിത്യതയോളം പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും ഉള്ള പുതിയ യെരുശലേമിൽ ദിവ്യാനുഗ്രഹങ്ങളിൽ പങ്കാളികളാകും.

വിതരണ നയം

ഈ ഏഴ് പുസ്തകങ്ങളുടെയും ഇലക്ട്രോണിക് പതിപ്പ് സൗജന്യമായി ലഭ്യമാക്കുന്നതിന് ലിവിംഗ് സ്ട്രീം മിനിസ്ട്രി സന്നദ്ധമാണ്.അനേകർ ഈ ഏഴ് പുസ്തകങ്ങള് വായിക്കുകയും, മറ്റുള്ളവർക്ക് സൌജന്യമായി പകർന്ന് കൊടുക്കുകയും ചെയ്യുമെന്ന് ഞങ്ങള് പ്രതീക്ഷിക്കുന്നു. നിങ്ങളുടെ വ്യക്തിപരമായ ഉപേയാഗങ്ങളുടെ പരിധിയില് നിന്നും ഈ ഫയലുകളുടെ അച്ചടിക്കായി കൂടുതല് ഓർഡർ ഉണ്ടാകുവാൻ ഞങ്ങള് ആവശ്യപ്പടുന്നു. .ദയവുചെയ്ത് ഒരു രൂപത്തിലും, മററ് എവിടെയും ഈ ഫയലുകള് അയച്ചുകൊടുക്കരുത്. നിങ്ങള് ഇതിന്റെ ഡ്യൂപ്ളിക്കേററ് കോപ്പി എടുക്കുവാൻ ആഗ്രഹിക്കുന്നുവെങ്കില് copyrights@lsm.org എന്ന അഡ്രസ്സില് എഴുതിയ ഒരു അപേക്ഷയുമായി ഞങ്ങളെ സമീപിക്കുക. അതോടൊപ്പം തന്നെ, എല്ലാ പകർപ്പാവകാശവും പ്രായോഗിക നിയമത്തിന് വിധേയമാണ്. ഈ PDF ഫയലുകള് മറ്റേതെങ്കിലും ആവശ്യങ്ങള്ക്കായി ഒരു തരത്തിലും പരിഷ്കരിക്കുവാനോ, അഴിച്ചുപണിയുവാനോ പാടില്ല.